# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 ലക്കം 2 പേജുകൾ 36 മെയ് 2026







കഥ: ഉർവ്വി
ദർശന



കഥ: വീണ്ടും മാധവം
രേഖ തോപ്പിൽ



കഥ: നേർച്ചക്കോഴി
ദിവ്യ സി.ആർ



കാർട്ടൂൺ കേരളം
ബാലചന്ദ്രൻ എം.ആർ

# JOS ALUKKAS

A TRADITION OF FINE JEWELLERY

## സ്വർണ്ണം സമ്പാദ്യമായി വളരട്ടെ, ചെറിയ മാസ തവണകളിലൂടെ






## ജോസ് ആലുക്കാസ് സ്വർണ്ണ സമ്പാദ്യ പദ്ധതികൾ

ഏറ്റവും വിശ്വസ്തമായ ഗോൾഡ് പർച്ചേസ് പ്ലാൻ ഇവിടെ തുടങ്ങാം

### 12 മാസ സ്വർണ്ണ സമ്പാദ്യ പദ്ധതി

| SCHEME | MONTHLY INSTALLMENT | NO.OF PAYMENTS | SPECIAL DISCOUNT ON PURCHASE |
|---|---|---|---|
| A | 1,00,000 | 12 | 13,00,000 |
| B | 50,000 | 12 | 6,50,000 |
| C | 25,000 | 12 | 3,25,000 |
| D | 10,000 | 12 | 1,30,000 |
| E | 6,000 | 12 | 78,000 |
| F | 4,000 | 12 | 52,000 |
| G | 2,000 | 12 | 26,000 |



സമ്മാനം ഉറപ്പ്

വാങ്ങുമ്പോൾ 5%* അധിക ഡിസ്കൗണ്ട്

### ഗോൾഡ് പർച്ചേസ് പ്ലാൻ

ONE TIME PAYMENT

(തൂക്കം അടിസ്ഥാനമാക്കിയുള്ളത് )

നിങ്ങൾ അടയ്ക്കുന്ന തുകയ്ക്ക് അന്നത്തെ സ്വർണ്ണ വിലയിൽ ആ നിശ്ചിത തുകയ്ക്കുള്ള തൂക്കത്തിൽ നിങ്ങളുടെ പേരിൽ സ്വർണ്ണം മാറ്റിവെക്കുന്നു . കാലാവധി പൂർത്തിയാക്കുമ്പോൾ പണികൂലിയിൽ 50% വരെ ഡിസ്കൗണ്ട് നേടാം. ബുക്കിംഗ് ചെയ്യുന്നതിനുശേഷം ഉണ്ടാകുന്ന സ്വർണ്ണ വിലയിലെ വ്യത്യാസങ്ങൾ ഈ പ്ലാനിൽ ബാധകമല്ല.

### 11 മാസ സ്വർണ്ണ സമ്പാദ്യ പദ്ധതി

(തൂക്കം അടിസ്ഥാനമാക്കിയുള്ളത് )

നിങ്ങൾ അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായ സ്വർണ്ണം അന്നത്തെ വിലയ്ക്ക് അക്കൗണ്ടിലേക്ക് മാറ്റിവെയ്ക്കുന്നു. കാലാവധി പൂർത്തിയാകുമ്പോൾ എത്ര ഗ്രാം സ്വർണ്ണമാണോ നിങ്ങളുടെ പേരിൽ അക്കൗണ്ടിൽ ഉള്ളത്, ആ തൂക്കത്തിൽ 15% വരെ പണിക്കൂലിയുള്ള സ്വർണ്ണാഭരണങ്ങൾ ഇളവോടെ സ്വന്തമാക്കാം.

| MONTH | MONTHLY ADVANCE (RS.) | GOLD RATE FOR EXAMPLE | WEIGHT BASE-22CT |
|---|---|---|---|
| 1 | 15000 | 10500 | 1.428 |
| 2 | 15000 | 10700 | 1.401 |
| 3 | 15000 | 11000 | 1.363 |
| 4 | 15000 | 11200 | 1.339 |
| 5 | 15000 | 10600 | 1.415 |
| 6 | 15000 | 10450 | 1.435 |
| 7 | 15000 | 10800 | 1.388 |
| 8 | 15000 | 11150 | 1.345 |
| 9 | 15000 | 11400 | 1.315 |
| 10 | 15000 | 11650 | 1.287 |
| 11 | 15000 | 12000 | 1.250 |
| TOTAL ACCUMULATED WEIGHT FOR PURCHASE | | | 14.966 |

* This chart is for illustrative purposes only. Gold rate will fluctuate depending on market conditions.


*T&C Apply

www.josalukkaseasybuy.com

**ROUND EAST, THRISSUR. PH: 0487-2331812.**

OPEN ON ALL DAYS | CAR PARKING FACILITY AVAILABLE

# Editor's page:





ഓഫീസ്:

**മഷിപ്പച്ച മാസിക**

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com


email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**

കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

**കൊ**തിപൂണ്ട് രാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ ഇറങ്ങിയവരുടെ വീര (?) കഥകളാൽ സമ്പന്നമാണ് ലോക ചരിത്രം. ഇവിടെയും സ്ഥിതി ഭിന്നമല്ല. അകത്തുള്ളവർ തമ്മിൽ തല്ലിയും, വൈദേശിക കടന്നുകയറ്റക്കാർക്ക് വാതിൽ തുറന്നു കൊടുത്തുമൊക്കെ സംഭവിച്ചതത്രയും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പൗരാണിക കാലത്തെ ഇത്തരം സംഭവങ്ങൾ പലതും പിന്നീട് ചേർക്കപ്പെട്ടവയാണ്.

യുദ്ധവെറിയന്മാരിൽ നിന്നും മുക്തമായ ഒരു കാലവും ചരിത്രത്തിൽ ഇല്ല. പടയോട്ടങ്ങൾ പലതും വീര സാഹസ സംഭവങ്ങളായി വർണ്ണിക്കപ്പെട്ടതും കൺമുന്നിലുണ്ട്. ഒരു യുദ്ധവെറിയന്റെ അഹങ്കാരം മണ്ണിൽ വീഴ്ത്തുന്ന ചോരയും കബന്ധങ്ങളും കണ്ണീരും ഏത് അളവിനാലാണ് പരിഹരിക്കപ്പെടുക? കൊന്നവന് പരിഹാര ബാധ്യത ഇല്ല എന്നതത്രേ യുദ്ധങ്ങൾ നിലയ്ക്കാത്തതിന്റെ ഒരു കാരണം.

ഈ ലക്കം 'മഷിപ്പച്ച' യുദ്ധം ചർച്ച ചെയ്യുന്നു. ദർശനയുടെ കഥയും നിബിൻ കള്ളിക്കാട്, കെ പി സജിത്ത്, പ്രേംകൃഷ്ണൻ എന്നിവരുടെ കവിതകളും യുദ്ധവെറി ഉയർത്തുന്ന ചോദ്യങ്ങൾ ആവർത്തിക്കുന്നു.

ഹിംസ സാധാരണമാണെന്ന ക്രിമിനൽ വിചാരങ്ങൾക്ക് നേരെ അക്ഷരങ്ങൾ വിരൽ ചൂണ്ടുന്നു. ഒരൊറ്റ യുദ്ധത്താൽ ലോകം തന്നെ തീർന്നേക്കുമെന്ന ഭയാനക യാഥാർത്ഥ്യത്തിനു മുന്നിൽ പകച്ചു നിൽക്കുന്ന ജനം, ചോര കുടിയന്മാരായ ഏതാനും പേരുടെ ഭ്രാന്തിന് ഇരകളാകേണ്ടി വരുന്നു എന്നതാണ് സമകാലിക ലോക വിശേഷം. അതിനാൽ പറഞ്ഞു കൊണ്ടേയിരിക്കുക... കാട്ടാളത്തം അരുതെന്ന്. കോട്ടിട്ട്, ടൈ കെട്ടിയ കോമാളി വേഷങ്ങൾ ലോക പുരോഗതിയുടെ അടിവേരറുക്കുന്ന ഇക്കാലത്ത്, നാമങ്ങനെ നിരന്തരം പറയേണ്ടിയിരിക്കുന്നു.

സി ആർ രാജൻ
എഡിറ്റർ





# അകത്താളുകളിൽ

## കഥ


ദർശന ............................... പേജ് 6
രേഖ തോപ്പിൽ .................... പേജ് 10
ദിവ്യ സി ആർ...................... പേജ് 12
ഉണ്ണി ഭാസുരി...................... പേജ് 14


## ലേഖനം


ലാവണ്യ മുല്ലശ്ശേരി................ പേജ് 15


## കാർട്ടൂൺ


എം. ആർ. ബാലചന്ദ്രൻ ........... പേജ് 5


## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ....................... പേജ് 33


## കവിത



ദിവ്യ ഗിരീഷ് ....................... പേജ് 19
ശ്രീജ വിജയൻ ................... പേജ് 20
നിബിൻ കള്ളിക്കാട്............. പേജ് 21
കെ പി സജിത് ....................പേജ് 22
പ്രേംകൃഷ്ണൻ .................. പേജ് 23
അശ്വതി വി വി ................... പേജ് 24
എ കെ അനിൽകുമാർ......... പേജ് 25
ജയപാലൻ കാര്യാട്ട് ............. പേജ് 26
ഷാജി തലോറ ................... പേജ് 27
അജയഘോഷ് എംബി ..........പേജ് 28
കുഞ്ഞച്ചൻ മത്തായി ........... പേജ് 29
സരസ്വതി ബിജു ................. പേജ് 30
ജയിസൺകെ ..................... പേജ് 31
ഉണ്ണികൃഷ്ണൻ മുതുകുളം..... പേജ് 32





## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ

കഥ



# ഉർവ്വി

ദർശന

ഉർവ്വി നേരത്തെ എണീറ്റിരുന്നു. ചക്രക്കസേരയുരുട്ടി മെല്ലെ പുറത്തെത്തുമ്പോൾ തെരുവ് ഉണരുന്നതെയുള്ളു. ഉമ്മറക്കോലായിലിരുന്ന് അബ്ബാസ് അലി പത്രം വായിക്കുന്നുണ്ട് .അനക്കം കേട്ട് പതിയെ തലയുയർത്തി അവളെ നോക്കി ഹൃദ്യമായി ചിരിച്ചു. വീണ്ടും വാർത്തകളിലേക്ക് മുഖം താഴ്ത്തി. പതിവുപോലെ നദീറ ചായക്കോപ്പകളുമായി എത്തി . ഒരു കോപ്പ ചായയെടുത്ത് തിണ്ണയിലിരുന്ന് കുടിക്കുന്നതിനിടെ ഉർവ്വിയുടെ മുഖത്തേക്ക് ആലോചനയോടെ നോക്കി.

ഉർവ്വി സങ്കടത്തോടെ മുഖം താഴ്ത്തി .

‘എന്തുപറ്റി മോളേ, വല്ലാണ്ടിരിക്കണ്, ഇന്നലെ ഉറങ്ങില്ലേ നീയ്യ്‘

‘ഇല്ലുമ്മ , ഉറക്കം വന്നില്ല.

പൊട്ട സ്വപ്നങ്ങള് ഒരുപാട് കണ്ട്‘

അവൾ നദീറ യുടെ അരികിലായി കസേരയിൽ ഇരിക്കുകയായിരുന്നു. നദീറാ കൈകൾ നീട്ടി അവളുടെ നീണ്ട മുടിയിഴകൾ തലോടി. അവരുടെ സംഭാഷണം കേട്ടാകണം അബ്ബാസലി പത്രം മടക്കി വെച്ച് നോക്കി.

‘ അതിർത്തിയിൽ നിന്നും വരുന്നവാർത്തകളൊന്നും സുഖമുള്ളതല്ല നദീറ, എന്തെങ്കിലും ചെയ്തേ പറ്റൂ .‘

‘നിങ്ങളിനി അത്തരം വാർത്ത്യോന്നും ഇവിടെ പറയേണ്ട . കുട്ടി ആലോചിച്ചന്നെ കിടന്നോണ്ട് ഇന്നലെ പൊട്ട സ്വപ്നങ്ങൾ കണ്ടു‘

‘പറയാതിരുന്നിട്ടെന്ത്. നേരത്തെ അറിഞ്ഞാൽ കരുതിയിരിക്കാം. ‘

‘ഈ കുട്ട്യ്യോളെ ക്കുറിച്ചോർത്ത് ഞാനും ഇന്നലെ ഉറങ്ങിയിട്ടില്ല. പെരുന്നാളാണെന്ന് തോന്നണില്ല. ഒരനക്കല്ലല്ലോ.’

അവർ വീണ്ടും അനക്കം വെക്കാൻ മടിച്ചുകൊണ്ടിരിക്കുന്ന തെരുവിലേക്ക് തന്നെ നോക്കിയിരുന്നു. അബ്ബാസലി പത്രം നിവർത്തി.

അപ്പോഴാണ് സറായുടെ വരവ്. ഉണർന്നപാടെ ഇറങ്ങി പോന്നതാണ്. വന്നപ്പോൾതന്നെ തന്നെ കാത്തിരിക്കുന്ന ചായക്കോപ്പ കയ്യിലെടുത്തു. നദീറ ദേഷ്യം കലർന്ന വാത്സല്യത്തോടെ അവളോട് പറഞ്ഞു.

‘ഇത്രയും നാൾ ഒന്നിച്ചുറങ്ങിയിട്ടും ഉർവ്വി

യെ കണ്ടുപഠിക്കാനാ
യില്ലേ നിനക്ക്. '

'ഉമ്മ നിയ്ക്ക് ദേ
ഷ്യം വരും പറഞ്ഞേ
ക്കാം. ഞാൻ സറാ ,
അവൾ ഉർവ്വി. എനി
ക്കങ്ങനെ അവളാ
കാൻ പറ്റുമോ. ഒന്ന്
പറഞ്ഞു കൊടുക്കടീ'

അവൾ ഉർവ്വിയ്
ക്കടുത്തായി തിണ്ണയി
ലിരുന്നു .

അപ്പോഴാണ് അവ
ളുടെ വിളറിയ മുഖം
ശ്രദ്ധിച്ചത്.

' ഇതെന്തുപറ്റി
ഈ പെണ്ണിങ്ങനെ ഡ
ള്ളായിരിക്കാൻ . പെ
രുന്നാൾ മൈലാഞ്ചി
യിടാൻ എന്റെ കൂട്ടു
കാരും വരും ട്ടോ. ന
ല്ല ഡിസൈൻ നോക്കി
വെക്കണേ അല്ലെ
ങ്കിൽ വേണ്ട അവരു
കൊണ്ടന്നോളും'

'കഴിഞ്ഞ ഒരാഴ്ച
യായി ഈ തെരുവി
ലെ കുട്ടിയോള് മുഴു
വൻ ഇവളോട് പറ
ഞ്ഞുകൊണ്ടിരിക്ക്യാ
മൈലാഞ്ചിക്കാര്യം. ഇ
നി നിന്റെ കൂട്ടുകാരും
കൂടിയേ വേണ്ടൂ . അ
തിനൊരു റെസ്റ്റ് കൊ
ടുക്ക് നീ . എപ്പോഴും
എന്തെങ്കിലും അതി
നെക്കൊണ്ട് ചെയ്യിപ്പി
ച്ചോണ്ടിരിക്കും'

'എന്റുമ്മ, ഒന്നും
ചെയ്യാതിരുന്നാലാ ഇ
വളിങ്ങനെ ഓരോന്ന്
ചിന്തിച്ചു കൂട്ടി ബേജാ
റാകണേ. അതോണ്ട
ല്ലേ ഞാൻ '

'ഇന്നെന്താ ഒന്നും
ഉണ്ടാക്കുന്നില്ലേ . അ
മ്മയും മക്കളും കിന്നാ
രം പറഞ്ഞു കൊണ്ടി



രിയ്ക്കാണോ. എനിക്ക് പണിയുണ്ട് കഴിയ്ക്കാറാകുമ്പോൾ വിളിച്ചാൽ മതി . '

അകത്തളത്തിൽ അടഞ്ഞ് കിടക്കുന്ന മുറി തുറക്കുന്നതിനിടെ അബ്ബാസലി പറഞ്ഞു. നദിറയുടെ മുഖം പൊടുന്നനെ വിഷാദാർദ്ര മായി .ഉർവ്വി പത്രത്തിലേക്കും ഉമ്മയുടെ മുഖത്തേക്കും വ്യഥയോടെ മാറിമാറി നോക്കി. നദീറയപ്പോൾ മുഖം തിരിച്ചു കളഞ്ഞു. സറാ മൊബൈലിൽ ഡിസൈൻ തിരയുന്ന തിരക്കിനിടയിൽ ഇതൊന്നും കണ്ടതേയില്ല.

അബ്ബാസലി മാധ്യമപ്രവർത്തകനാണ്. മുൻപ് പുറത്തുപോയി വരുമ്പോഴൊക്കെ എല്ലാ വിശേഷങ്ങളും അവരുമായി പങ്കുവയ്ക്കുമായിരുന്നു. ഇപ്പോൾ കുറച്ചു ദിവസങ്ങളായി വല്ലാത്ത തിരക്കിലാണ്. എപ്പോഴും ഫോൺ കോളുകൾ വന്നുകൊണ്ടിരിക്കുന്നു. വീട്ടിലുള്ളപ്പോൾ എപ്പോഴും അടച്ചിട്ടിരിക്കുന്ന മുറിക്കുള്ളിൽ കയറിയിരിക്കുന്നത് കാണാം . അകത്ത് എന്തൊക്കെയോ തട്ടലും മുട്ടലും കേൾക്കാം. ആ മുറി എപ്പോഴും പൂട്ടിയിട്ടിരിക്കുന്നു. ചോദിക്കുന്നതിനു ഒന്നിനും കൃത്യമായ മറുപടി ലഭിക്കാത്തതിനാൽ നദീറ ഇപ്പോൾ ഒന്നും ചോദിക്കാറില്ല. സറാ എപ്പോഴും കൂട്ടുകാരികളോടൊപ്പം പുറത്തായിരുന്നു. കാലിനു വയ്യാത്തതു കൊണ്ട് ഉർവ്വി മാത്രമാണ് അവർക്ക് കൂട്ട്.

അവളോടാണ് അവർ സങ്കടങ്ങളൊക്കെ പങ്കുവയ്ക്കുന്നത്. അൽപനേരം തെരുവിലേക്ക് തന്നെ നോക്കിയിരുന്നിട്ട് അവർ അകത്തേക്കെഴുന്നേറ്റ് പോയി .

കുറച്ചുനേരം കഴിഞ്ഞപ്പോൾ

ആലിയയും തൻവിയും നബ്‌ലയും ഫർസാനയും യാസ്മിനും ഓടിക്കിതച്ചുവന്നു. നേരത്തെ തയ്യാറാക്കി വച്ചിരുന്ന മൈലാഞ്ചി ക്കോണുകൾ എടുത്തു നൽകുമ്പോൾ സറാ പറഞ്ഞു

'മുഴുവനും തീർക്കല്ലേട്ടോ ഞങ്ങൾക്കും വേണം'

കുട്ടികൾ തുടുത്ത കൈപ്പത്തികൾ നിവർത്തി ഉർവ്വിക്ക് മുന്നിൽ ഞാനാദ്യം ഞാനാദ്യം എന്ന് തിരക്കുകൂട്ടി . സറാ വഴക്ക് പറഞ്ഞപ്പോൾ ബഹളം നിർത്തി ഉർവ്വി കൈകളിൽ വരയ്ക്കുന്ന ചിത്രങ്ങൾ നോക്കി ചുറ്റിനും ഇരുന്നു.

ആ തെരുവിലേക്ക് താമസം മാറ്റിയത് മുതൽ ഓരോ വിശേഷങ്ങൾക്കും അവർക്ക് മൈലാഞ്ചിയിട്ടു കൊടുക്കുന്നത് ഉർവ്വിയാണ്. അവൾ അതിമനോഹരമായി ചിത്രമെഴുതും. അബ്ബാസലി ഒരിക്കൽ അവളുടെ ചിത്രങ്ങളുടെ പ്രദർശനം നടത്തിയിരുന്നു. കാലിന് സുഖമില്ലാത്തതിനാൽ ആ വീട്ടകമാണ് ഉർവിയുടെ ലോകം . അവിടെയിരുന്നാണവൾ പഠിക്കുന്നത്. ചക്രകസേരയുടെ സുഗമമായ സഞ്ചാരത്തിന് വാതിലുകൾക്ക് താഴെ പടികളെല്ലാം എടുത്തു കളഞ്ഞിരുന്നു. ആയതിനാൽ തന്നെ ഏതു മുറിയിലേക്കും കോലായിലേക്കും അവൾക്ക് നിഷ്പ്രയാസം ചക്ര കസേരയിൽ സഞ്ചരിക്കാമായിരുന്നു. ചിത്രങ്ങൾ വരച്ചു കൊണ്ടിരുന്നപ്പോൾ ഫർസാനയാണ് ചോദിച്ചത്.

'ഇത്തയെന്താ മൈലാഞ്ചി ഇടാത്തത്'

'ഇത്താ മൈലാഞ്ചിയിട്ടില്ലേലും എന്തൊരു മൊഞ്ചാ . കൈയൊക്കെ ചോന്നു തുടുത്ത് ഇരിക്കല്ലേ . ഇത്താ കൈ പിടിക്കുമ്പോൾ തന്നെ എന്ത് സോഫ്റ്റാ."

വായാടിയായ നബ്‌ല ചാടികയറി പറഞ്ഞു.

ഉർവ്വിയാകെ തുടുത്തു പോയി . അവളുടെ മൂടിക്കെട്ടിയ മുഖം പതിയെ തെളിഞ്ഞു. കുട്ടികളോടൊപ്പമിരിക്കുമ്പോൾ അവൾ എല്ലാം മറക്കുന്നു .

'മതി മൈലാഞ്ചിയിട്ടത് . വേഗം പോ എല്ലാരും'

സറ , ഈർഷ്യയോടെ പറഞ്ഞു .

'ഇത്തയും സുന്ദരി തന്നെയാണ്. ഇത്താടെ മുടിക്കാ ഭംഗി' നബ്‌ല വിട്ടു കൊടുക്കുന്നില്ല .

സറാ ചിരിയോടെ മൃദുലമായ മുടിയിഴകളിൽ വിരലോടിച്ചു കൊണ്ട് കുട്ടികളുടെ കൈകളിൽ വരയ്ക്കുന്ന ചിത്രങ്ങളിലേക്ക് നോക്കിയിരുന്നു.

'നമുക്കിനി ഇതുപോലെ മൈലാഞ്ചിയിടാൻ പറ്റോ .അവരു വന്നാ പിന്നെ പഠിക്കാൻ പോകാൻ പറ്റില്യാന്ന് ഉപ്പ ഉമ്മ്യോട് പറയുന്ന കേട്ടു. പുറത്തിറങ്ങാൻ പാടില്ല.ബുർക്കയിടണം ന്നൊക്കെ '

'ആര്'

സറാ മൊബൈലിൽ നിന്നും മുഖമുയർത്തി.

'ഈ സാധനം കയ്യിലുണ്ടായിട്ടും സറായിത്തായ്ക്ക് ഒന്നുമറിയില്ല '

നബ്‌ല പറഞ്ഞത് കേട്ട് കുട്ടികൾ ചിരിച്ചപ്പോൾ സറയുടെ മുഖം ചുവന്നു.

' ഭീകരരുടെ കാര്യമാണ് പെണ്ണേ പറയണത്. എല്ലാവരെയും അവർ അടിമകളാക്കുംന്ന് പറഞ്ഞുകേൾക്കുന്നു . നമുക്കിനി സ്വതന്ത്രമാ

യി പുറത്തു പോയി വരാനൊന്നും പറ്റില്ലത്രേ. '

ഉർവ്വിപതിയെ പറഞ്ഞു.

'ശരിയാ നമ്മുടെ അങ്ങേ തെരുവിലും ചിലർക്ക് അതിന്റെ മാറ്റങ്ങൾ കാണാന്ണ്ട് ട്ടോ . ഞാനും നഫാലും കൂടി കഴിഞ്ഞയാഴ്ച നടന്നു വരുമ്പോൾ ആ വായിനോക്കികൾ പറയുന്നുണ്ടായിരുന്നു. അവളുടെ വേഷം കണ്ടില്ലേ നിന്നെയൊക്കെ ബുർക്കയിടീക്കുമെന്ന്. പിന്നെ നഫാലിനോട് ഒരു ഒരു ഭീഷണിയും. നീയൊന്നും അധികകാലം ഇവളുടെ പുറകെ നടക്കില്ലന്ന്. അവനാകെ വല്ലാതെയായി. അവനെന്റെ പുസ്തകം വാങ്ങാൻ വന്നതായിരുന്നു. എന്തൊക്ക്യാ ഇവര് പറയണെ എന്ന് അവനും ചോദിച്ചു "

'അധികനേരം ഇങ്ങനെ പുറത്ത് ഇരിക്കേണ്ട അകത്തേക്ക് പോ'

വാതിൽ തുറന്ന് അന്നേരം പുറത്തെത്തിയ അബ്ബാസലി കുട്ടികളോടായി പറഞ്ഞു. അപ്പോൾ അവസാനത്തെ കുട്ടിയുടെ കൈവെള്ളയിൽ മിനുക്കുപണികൾ നടത്തുകയായിരുന്നു ഉർവി. ചിത്രപ്പണികൾ കഴിഞ്ഞതോടെ കുട്ടികൾ ഉല്ലാസത്തോടെ തെരുവിലേക്ക് ഇറങ്ങിപ്പോയി. അവരെ നോക്കി നിന്ന അബ്ബാസലിയുടെ കൺകോണുകളിൽ നനവു പടർന്നതു പക്ഷേ ആരും ശ്രദ്ധിച്ചില്ല .

'നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സറാ നീ അധികം പുറത്തേക്കൊന്നും പോകേണ്ട '

ഒന്നിച്ച് ഭക്ഷണം കഴിക്കാൻ ഇരിക്കെ, അബ്ബാസലി മകളോട് പറഞ്ഞു . സാറ ദയനീയമായി ഉമ്മയെ നോക്കി ഉമ്മ നിസ്സംഗതയോടെ മുഖംതിരിച്ചതേയുള്ളൂ.

'അതിർത്തിയിൽ ഭീകരർ ആക്രമണം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട് ഇപ്പോഴത്തെ സാഹചര്യത്തിൽ ഏത് നിമിഷം വേണമെങ്കിലും അവരീ നഗരം കീഴടക്കും അവരുടെ ക്രൂരതകളെ പറ്റി ഒരുപാട് കഥകൾ കേൾക്കുന്നുണ്ട് '

നദീറയുടെ തുടുത്ത മുഖം വിളറി വിഷാദാർദ്രമായി. രണ്ടുപേരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭീകരതയുടെ ഇരകളായിരുന്നു . ഭീകരർ തട്ടിക്കൊണ്ടുപോയ പെണ്ണായിരുന്നു നദീറ . അവരിൽ നിന്നും അവളെ രക്ഷിച്ചെടുത്ത് കൂടെ കൂട്ടിയതാണ് അബ്ബാസലി. ഉർവ്വിയാകട്ടെ ഒരു വ്യാഴവട്ടം മുന്നത്തെ ഭീകരാക്രമണത്തിന് ഇരയായിരുന്നു. ചാവേർ സ്ഫോടനത്തിൽ ചിതറിത്തെറിച്ച മൃതദേഹങ്ങൾക്ക് അരികിൽ കാൽമുട്ടിൽ തറച്ച സ്ഫടിക ചീളുമായി ചോരയൊലിപ്പിച്ച് ചലനമറ്റു കിടന്ന അവൾക്ക് ജീവനുണ്ടെന്ന് കണ്ടെത്തിയത് മാധ്യമപ്രവർത്തകനായ അബ്ബാസലി ആയിരുന്നു. ഉർവ്വി എന്ന പേര് മാത്രമേ അവൾക്ക് ഓർമ്മയിലുണ്ടായിരുന്നുള്ളൂ . അന്നുമുതൽ അബ്ബാസലി അവൾക്ക് അബ്ബയാണ് . നദീറ ഉമ്മയും. സമപ്രായക്കാരിയായ സറാ കൂടപ്പിറപ്പും. സുന്ദരികളായ പെൺകുഞ്ഞുങ്ങളെയോർത്ത് അബ്ബാസലി തീർത്തും അസ്വസ്ഥനായിരുന്നുവെന്നത് അദ്ദേഹത്തിന്റെ ചലനങ്ങളിൽ നിന്നും വ്യക്തമായിരുന്നു . മുഖം കുനിച്ചിരുന്ന ഉർവ്വിയുടെ മിഴികളിൽ നിന്നും നീർത്തുള്ളികൾ പ്ലേറ്റിൽ വീണുചിതറി. നദീറ അടുക്കളയിലേക്ക് ഉൾവലിഞ്ഞു..

'മക്കളെ നമുക്ക് ഒരുപാട് റൊട്ടി ഉണ്ടാക്കണം നിങ്ങൾ ഉമ്മയെ സഹായിക്കണം കുറച്ചു നാളത്തേക്ക് നമ്മൾ ഇവിടെ ഉണ്ടാകില്ല എന്ന് എല്ലാവർക്കും തോന്നണം .എല്ലാ കാര്യങ്ങളും രഹസ്യമായി ചെയ്യാൻ പഠിക്കണം.

' അബ്ബാ നമ്മൾ ഇവിടെ വിട്ടു പോവാണോ '

ഇടറിയ സ്വരത്തിൽ സറ ചോദിച്ചു

'എവിടെ പോകാനാണ് കുട്ടി . എല്ലാവരും പലായനത്തിലാണ്. കൂട്ടം തെറ്റി പോകുന്നതിനേക്കാൾ ഒന്നിച്ചിരിക്കുന്നതല്ലേ നല്ലത് . അല്ലെങ്കിൽ തന്നെ ഈ മണ്ണ് വിട്ട് നമ്മൾ എവിടെ പോകാനാണ്?' എപ്പോഴും ഉറച്ചു സംസാരിച്ചിരുന്ന അബ്ബയുടെ സ്വരത്തിലെ തളർച്ച സറായെ നിരാശയിലാക്കി.

അന്ന് വൈകുവോളം കാത്തിരുന്നിട്ടും സറായുടെ കൂട്ടുകാരികളാരും മൈലാഞ്ചിയിടാൻ എത്തിയില്ല

നിലവറയിലേക്ക് താമസം മാറ്റിയപ്പോൾ മാത്രമാണ് അബ്ബാ എന്താണ് ചെയ്തുകൊണ്ടിരുന്നതെന്നവരറിഞ്ഞത്. എപ്പോഴും കുതറിച്ചാടുന്ന ഹൃദയത്തെ കഷ്ടപ്പെട്ടൊതുക്കി നിലവറക്കുണ്ടിൽ ഇരിക്കുമ്പോൾ വറ്റിപ്പോയ തടാകങ്ങൾ പോലെ അവരുടെ കവിൾത്തടങ്ങൾ കണ്ണീരിലുണങ്ങി പരുക്കനായിരുന്നു. നിലവറക്കുണ്ടിലെ ഇരുട്ടിനോട് താദാത്മ്യം പ്രാപിച്ചതുകൊണ്ടാകണം പുറത്തെ തെരുവുകളിൽ ചൂഴുന്ന ഇരുട്ട് അവർ അറിയാതെ പോയത്. ഒച്ചയനക്കങ്ങൾ കേൾക്കാതെ പോയത്. ഇനി എത്രനാൾ കാത്തിരിക്കണം ഒരു തുടുത്ത സൂര്യൻ ഉദിച്ചുയരാനെന്നോർത്ത്

തളർന്നുകിടക്കുന്ന ഉമ്മക്കും സറായ്ക്കും അരികിൽ ഉർവ്വി ശാന്തയായി കാത്തിരുന്നു..

# വീണ്ടും മാധവം





രേഖ തോപ്പിൽ

കഥ

**മീ**ര ഇന്നലെ രാത്രി കുട്ടികളുടെ പരീക്ഷ പേപ്പർ നോക്കുന്ന തിരക്കിനിടയിലാണ് ഫാദർ പീറ്റർ അവളെ വിളിച്ചത്.

എന്താണ് മീര മാധവിൻറെ കാര്യത്തിൽ നിൻറെ തീരുമാനം.

അവൻ നിൻറെ ജീവിതത്തിലേക്ക് തന്നെ തിരിച്ചു വരാൻ ആഗ്രഹിക്കുന്നു.

മീര ആദ്യം മറുപടി യൊന്നും പറയാതെ കുറച്ചു നേരം നിശബ്ദത പാലിച്ചു. ഫോൺ തലയ്ക്കൽ ഫാദർ പീറ്ററാണ്. താൻ തനിച്ചായ നാളുകളിൽ സ്വന്തം അച്ഛനെ പോലെ കൂടെ നിന്നൊരാൾ.

ഫാദർ ഞാൻ നന്നായൊന്നു ആലോചിക്കട്ടെ

ശരി ആലോചിച്ച് ഉചിതമായ ഒരു തീരുമാനമെടുക്കൂ.. അന്ന് ഫാദർ ആണ് ആദ്യം ഫോൺ കട്ട് ചെയ്തത് .

മീര ആ രാത്രി മുഴുവൻ ചിന്തിച്ചത് മാധവിനെ കുറിച്ചായിരുന്നു. ഒരു യാത്ര പോലും തന്നോട് പറയാതെ വേറൊരു പെണ്ണിൻറെ ജീവിതത്തിലേക്ക് പോയവനാണ് മാധവ്.

അവരുടെ ദാമ്പത്യ ജീവിതത്തിൻറെ ആദ്യ നാളുകളിൽ മാധവ് മനോഹരമായി അലങ്കരിച്ച വിസിറ്റിങ്ങ് റൂമിലെ പതു ത്ത സോഫയിൽ മീരയുടെ മടിയിൽ കിടന്ന് പ്രണയ പൂർവ്വം പറഞ്ഞു.

മീരാ.. നീ എനിക്ക് വേണ്ടി മാത്രം ജനിച്ച പെണ്ണാണ് . എൻറെ സുഹൃത്തുക്കളെല്ലാംപറയുന്നു നമ്മൾ മെയ്ഡ് ഫോർ ഈച്ച് അദർ ആണെന്ന് .

ഇതു തന്നെയായിരിക്കുമോ മാധവ് സൂസന്നയോടും പറഞ്ഞിട്ടുണ്ടാവുക.

വേണ്ട ഇത്ര കാലം മാധവ് തൻറെ യും മാളുവിൻറെയും ജീവിതത്തിൽ ഉണ്ടായിരുന്നില്ല.

മാളു തീരെ കുഞ്ഞായിരുന്ന കാലത്താണ് തൻറെ ശ്രദ്ധ മുഴുവൻ അപ്പോൾ മാളുവിലായിരുന്നു. അന്നേരം മാധവിനെ ശ്രദ്ധിക്കാൻ തനിക്കു സമയമൊന്നു മുണ്ടായിരുന്നില്ല. നിനക്കിപ്പോൾ എന്നോടിഷ്ടമില്ലാതെയായി. കിടപ്പറയിൽ പോലും ഞാനിപ്പോൾ ഒറ്റക്കാണ്.

മാധവ് പരാതി പറഞ്ഞു.

അങ്ങനെ ആകാശവും ഭൂമിയു മുള്ളിടത്തോളം കാലം തന്നെ ആശ്ളേഷിച്ചൊന്നിരിക്കാമെന്നു പറഞ്ഞവൻ തൻറെ ജീവിതത്തിൽ നിന്നു പെട്ടെന്ന് ഇറങ്ങി പോയി.

കടുത്ത നഷ്ടബോധത്താൽ ഹൃദയം കരഞ്ഞ നാളുകൾ മാധവുംമാളുവും മാത്രമായിരുന്നുതൻറെ ലോകം . കുഞ്ഞ് മാളു അച്ഛനെവിടെ എന്നു ചോദിക്കുമ്പോഴൊക്കെയും അന്ന് മീര അവളോട് ദേഷ്യപ്പെടും . അങ്ങനെ അച്ഛനെന്ന പേര് വീട്ടിൽ പറയാൻ പാടില്ലെന്ന് മകൾ പഠിച്ചു.

എന്തു കൊണ്ടായിരിക്കാം സൂസന്നയും മാ

ധവും പിരിഞ്ഞത്

സൂസന്ന തന്നേക്കാൾ ശ്രേഷ്ഠയാണെന്ന് തോന്നിയപ്പോഴല്ലേ. മാധവ് തന്നെ വിട്ടു പോയിട്ടുണ്ടാവുക.ഇനി സൂസന്നയിലും മാധവ് കുറവുകൾ കണ്ടുവോ..

പിന്നീട് ഫാദർ പീറ്റർ ഫോൺ ചെയ്തപ്പോൾ ഒന്നു കൂടി പറഞ്ഞു. മീരാ.. മാധവിനെ വേണ്ടെന്ന തീരുമാനമെടുക്കുംമുമ്പെ മാളുവിനോടു കൂടി ഒന്നു ചോദിക്കണേ.. അച്ഛനും മകളും നല്ല അടുപ്പത്തിലാണ്. മാധവ് ഇറ്റലിയിൽ നിന്നും സ്കൂൾ അഡ്രസ്സിൽ അവൾക്ക് സമ്മാനങ്ങളും കത്തുകളും അയക്കാറുണ്ട്.

ഫാദർ പീറ്ററിൻറെ ആ വാക്കുകൾ മീരയിൽ നടുക്കങ്ങളുണ്ടാക്കി.

സ്വന്തം ചിറകിനടിയിലെ ചൂടു കൊടുത്ത് യൗവ്വനത്തിലെ തീക്ഷ്ണമോഹങ്ങളെ ബലികഴിപ്പിച്ച് മീര വളർത്തിയെടുത്തതാണ് മാളുവിനെ .

ഒരു ചുവന്ന പൊട്ടു വയ്ക്കണമെങ്കിൽ കൂടി അമ്മയുടെ ഇഷ്ടം നോക്കാറുള്ള കുട്ടി. അവൾ അച്ഛനു മായുള്ള അടുപ്പം തന്നിൽ നിന്ന് മറച്ചു വെച്ചുവെന്നോ..

അന്ന് മാളു സ്കൂളിൽ പോയ നേരത്ത് മീര അവളുടെ മേശയുടെ കബോർഡ് തുറന്നു നോക്കി.

നീണ്ട എയർമെയിൽ കവറുകളുടെ ഒരു തിരതന്നെ താഴേക്ക് കുതിച്ചു വന്നു.

മീര ഓരോ എഴുത്തും ആവേശത്തോടെ തുറന്നു വായിച്ചു.

സ്കൂളിലെ വിശേഷങ്ങൾ

അമ്മയെ കുറിച്ചുള്ള അന്വേഷണങ്ങൾ

അവരെ പിരിഞ്ഞ വേദന തമ്മിൽ കാണാനുള്ളതിടുക്കം .ഓരോ കത്തുകൾ വായിക്കുന്തോറും അച്ഛനും മകളും തമ്മിൽ വളരെ അടുത്താണെന്ന് മീരക്ക് ബോധ്യമായി. മാധവ് അങ്ങനെയാണ് അതാരാണെങ്കിലും ഒരിക്കലും അകലാനാവാത്ത വിധം തന്നിലേക്കാകർക്ഷിച്ചെടുക്കും..എന്നിട്ടൊന്നുമറിയാത്തൊരു മായകണ്ണനാവും.

കത്തുകളെല്ലാം തിരിച്ചെടുത്തു വെച്ചമീര തളർന്ന ശരീരത്തോടെ കിടക്കയിൽ വന്നു കിടന്നു. അവൾക്കപ്പോൾ മാളുവിനോട് വല്ലാത്ത അരിശം തോന്നി. കുട്ടിക്ക് ഒരിക്കലെങ്കിലും എന്നോട് പറയാമായിരുന്നില്ലേ അച്ഛൻ അവൾക്ക് എഴുതാറുണ്ടെന്ന്. അന്ന് കരഞ്ഞ മുഖവുമായി മീര മുന്നിലെ നില കണ്ണാടിയിലേക്ക് നോക്കി നിന്നു. മുഖത്ത് നാല്പത് വയസ്സ് ചെറിയ ചുളിവുകൾ വീഴ്ത്തിയിട്ടുണ്ട്. മുന്നിലെ ഏതാനും മുടിയിഴകൾ നരച്ചിരിക്കുന്നു.

സത്യത്തിൽ താനും ഉള്ളിൻറെ ഉള്ളിൽ തീവ്രമായി ആഗ്രഹിച്ചിരുന്നില്ലേ മാധവിനെ ഒന്നു കാണാൻ. അവൾ തൻറെ കവിൾ തടങ്ങൾ ഒന്നു തിരുമ്മി ചുവപ്പിച്ചു.

എയർ പോർട്ടിൽ ഫാദർ പീറ്ററിനോടൊപ്പം മാധവിനെ കാത്തു നിൽക്കുമ്പോൾ മീര മാളുവിനെ ശ്രദ്ധിച്ചു .അവൾ വളരെ സന്തോഷത്തിലാണ്. അവളുടെ സംസാരത്തിലും നടത്തതിലും വല്ലാത്ത പ്രസരിപ്പ് . അവളണിഞ്ഞിരിക്കുന്ന ആ പച്ചകളർ ഫ്രോക്ക് അവൾക്ക് നന്നായി ഇണങ്ങുന്നുണ്ട്.



രണ്ടു വലിയ തടിച്ച തോൽ പെട്ടികൾ ഒരു ട്രോളിയിൽ വെച്ച് തള്ളി കൊണ്ട് ചിരി ഓളം വെട്ടുന്ന മുഖത്തോടെ മാധവ് നടന്നു വന്നു. മാധവ് കുറെ കൂടി നിറം വെച്ചിട്ടുണ്ട്. ആ കരുത്തുറ്റശരീരം . പിന്നെ ഇടതിങ്ങിയ ചുരുൾ എല്ലാം അതു പോലെ തന്നെ.

മാധവ് മാളുവിനെ കെട്ടി പിടിച്ചു . ഫാദർ പീറ്ററിന് കൈ കൊടുത്ത് ചേർത്തു പിടിച്ചു. തുടർന്ന് ഒരു പുഞ്ചിരിയോടെ മാധവ് മീരയെ നോക്കി. വിവാഹത്തിനു മുമ്പെ ആ പ്രണയ കാലത്ത് മീരയെ തടവിലാക്കി യ അതേ പുഞ്ചിരി. സ്നേഹം തുളുമ്പുന്ന കാന്തം പോലെയുള്ളെ ആ രണ്ടു മിഴികൾ.

മാധവിനു മുന്നിൽ പെട്ടെന്ന് തോറ്റു പോകാതിരിക്കാൻ മീര വേഗത്തിൽ തൻറെ ദൃഷ്ടി എയർ പോർട്ടിൽ അപ്പോൾ പറന്നു പൊങ്ങുന്ന ഒരു വിമാനത്തിലേക്ക് മാറ്റി.

●

# നേർച്ചക്കോഴി



ദിവ്യ സി ആർ



**നാ**ളെ എന്റെ പ്രീയപ്പെട്ടവളുടെ വിവാഹമാണ്. എല്ലാവരെയും പോലെ ഞാനും ഏറെ സന്തോഷിക്കേണ്ടവളാണ്. സന്തോഷിച്ചതുമാണ്; അവളെ വിവാഹം കഴിക്കുന്ന ആളിനെക്കുറിച്ചും അയാളുടെ കുടുംബത്തെക്കുറിച്ചും അറിഞ്ഞപ്പോൾ ഉള്ളിൽ നിറയെ ആശങ്കകൾ മാത്രം..!

അമ്മു!

അവളെന്റെ പ്രീയപ്പെട്ട കൂട്ടുകാരിയാണ്. ഈ ലോകത്തിന്റെ കപടതകളും കാപട്യങ്ങളും മനസിലാകാത്ത, മനസ്സിലാക്കാൻ കഴിവില്ലാത്ത നിഷ്കളങ്കയായ പെൺകുട്ടി.! അവളുടെ പ്രായത്തിലുള്ള കുട്ടികൾ വിവാഹിതരായപ്പോൾ അവരൊക്കെ ഭർത്താവും കുഞ്ഞുങ്ങളുമായി ജീവിതം നയിക്കുന്നതു കണ്ടപ്പോൾ അമ്മുവിന്റെ അച്ഛനുമമ്മയ്ക്കും അവൾക്കുമൊരു കുടുംബജീവിതം വേണമെന്ന ആഗ്രഹം അതിയായി തോന്നി. തങ്ങൾക്ക് ശേഷം മകളെ സുരക്ഷിതമാക്കേണ്ട കടമ അച്ഛനുമമ്മയ്ക്കുമുണ്ടല്ലോ. അവരെ തെറ്റ് പറയുവാനും കഴിയില്ല. മക്കൾ സുഖമായി സുരക്ഷിതമായി ജീവിക്കുന്നതു കാണാൻ അവരും ആഗ്രഹിക്കുമല്ലോ..

അമ്മുവിനെക്കുറിച്ച് വീണ്ടുമോർത്തപ്പോൾ; ചെറിയ ക്ലാസുമുതൽ എനിക്കവളെ അറിയാം. മറ്റുള്ള കുട്ടികളിൽ നിന്നും അല്പം അസാധാരണമായിരുന്നു അവളുടെ രീതികൾ. വളരെ സാവധാനത്തിലാണ് അവളുടെ ഓരോ പ്രവൃത്തികളും. വളരുന്നതിനനുസരിച്ച് അതൊക്കെ മാറ്റുമെന്ന് പ്രതീക്ഷിച്ച വീട്ടുകാരുടെ മുന്നിലേക്ക് ഓട്ടിസത്തിന്റെ പ്രതിസന്ധികളുമായി മകളുടെ ജീവിതം നിഴലിച്ചു നിന്നു. എങ്കിലും അമ്മുവിന് യാതൊരു വിഷമവും വരുത്താതെ അവളെ വളർത്താൻ അച്ഛനുമമ്മയും ശ്രദ്ധിച്ചിരുന്നു.

അത്രയും വാത്സല്യത്തോടും കരുതലോടും മകളെ വളർത്തിയിട്ടും മകളുടെ വിവാഹക്കാര്യത്തിൽ മാത്രം എന്തിനിങ്ങനെയൊരു തീരുമാനം ആ അച്ഛനും അമ്മയും സ്വീകരിച്ചുവെന്നു മാത്രം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലായതേയില്ല. സാമ്പത്തികമായി വളരെ സമ്പന്നമായ കുടുംബത്തിലെ ആലോചന. സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കാൻ പാകത്തിൽ വരനും കുടുംബവും.! പുറമേ നിന്നു നോക്കുമ്പോൾ അമ്മുവിന്റെ ഭാഗ്യമായി കരുതാവുന്ന ബന്ധം.

പക്ഷേ, വിവാഹാലോചന പുരോഗമിക്കവേയാണ് അമ്മുവിന്റെ വീട്ടുകാരും ബന്ധുക്കളും വരന്റെ വീട്ടുകാരുടെ തനിനിറം മനസ്സിലാക്കുന്നത്. പണത്തിനോട് മാത്രം സ്നേഹമുള്ള, പണം മാത്രം മതിയെന്ന ആർത്തിയോടെ ജീവിക്കുന്ന കുടുംബം. പണത്തിന് വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത കുടുംബമെന്നത് മനസ്സിലായത് വരന്റെ സ്വഭാവം അറിഞ്ഞതുമുതലാണ്. പഠിക്കുന്ന കാലത്ത് ഒരു പെൺകുട്ടിയെ പ്രണയം നടിച്ച് പീഡിപ്പിക്കുകയും ആ പെൺകുട്ടി വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ നിർദാക്ഷിണ്യം കൊലപ്പെടുത്തുകയും ചെയ്ത കഥ അറിഞ്ഞപ്പോഴാണ്. ഇതൊക്കെ നാട്ടുകാർ അസൂയ കൊണ്ട് പറഞ്ഞു പരത്തുന്ന നുണക്കഥകളായാണ് അമ്മുവിന്റെ വീട്ടുകാരോട് വരനും വീട്ടുകാരും പറഞ്ഞു വിശ്വസിപ്പിച്ചത്. ഇങ്ങനെയുള്ള കുടുംബവുമായൊരു ബന്ധം അമ്മുവിന് വേണ്ടെന്ന് ബന്ധുക്കൾ വാദിച്ചുവെങ്കിലും അത് അമ്മുവിന്റെ വീട്ടുകാർ ചെവിക്കൊണ്ടില്ല. അതുകൊണ്ടുതന്നെ അവർ ഈ ബന്ധത്തിൽ നിന്ന് വിട്ടുനിന്നു.

വലിയ ആർഭാടങ്ങളും ആഘോഷങ്ങളുമില്ലാതെ വിവാഹം നടത്താമെന്ന് അമ്മുവിന്റെ വീട്ടുകാർ പറഞ്ഞുവെങ്കിലും വരന്റെ വീട്ടുകാർ സമ്മതിച്ചില്ല. അങ്ങനെ അവർ ആവശ്യപ്പെട്ടതിലധികം സ്വർണ്ണവും പണവും കാറും കരാറെഴുതി ആഡംബരത്തോടെ അമ്മുവിന്റെ വിവാഹം നാളെ നടക്കാൻ പോകുന്നു..

അമ്മുവിന്റെ അടുത്ത കൂട്ടുകാരിയെന്ന നിലയിൽ ഞാനവളെ പിന്തിരിപ്പിക്കാൻ വളരെയധികം ശ്രമിച്ചു. പതിനെട്ട് വയസ്സ് മാത്രം പ്രായമുള്ള പെൺകുട്ടി, നാൽപ്പതുകാരന്റെ ഭാര്യയാകുന്നു! ഇതിലൊന്നും യാതൊരു പോരായ്മകളും തോന്നാത്ത അമ്മുവിന്റെ മാതാപിതാക്കളോട് വെറുപ്പ് തോന്നി.


നാളത്തെ ആർഭാടപൂർണ്ണമായ വിവാഹശേഷം അവൾക്കെന്തു സംഭവിക്കും.?

കേട്ടറിഞ്ഞിടത്തോളം ദുഷ്ടത മാത്രം നിറഞ്ഞ കുടുംബത്തിലേക്കവൾ പ്രതീക്ഷകളോടെ കടന്നുചെല്ലുമ്പോൾ സമാധാനത്തോടെയവൾക്ക് ജീവിക്കാൻ കഴിയുമോ.? അവൾക്ക് അവരെയും അവർക്ക് അവളെയും മനസ്സിലാക്കാൻ കഴിയുമോ.? ആ മകനും അവന്റെ വീട്ടുകാരും ചേർന്ന്, അവർക്കിഷ്ടമുള്ളതുപോലെ പെരുമാറാൻ അമ്മുവിന് കഴിഞ്ഞില്ലെങ്കിൽ..

അല്ലെങ്കിൽ, അവളുടെ സ്വർണ്ണത്തിന്റെയും പണത്തിന്റെയും തിളക്കം കുറഞ്ഞുപോയാൽ..

വാർത്തകളിൽ നിറയുന്ന പെൺകുട്ടികളെ പോലെ നാളെ എന്റെ അമ്മുവും; ശരീരം നീലിച്ചങ്ങനെ...

ഞെട്ടിയുണർന്ന എന്റെ കണ്ണുകളിൽ ഭയം നിഴലിച്ചു. ഒരു പെൺകുട്ടിയെ പിച്ചിച്ചീന്തിയ കുടുംബത്തിലേക്ക് എന്ത് ധൈര്യത്തിലാണ് മറ്റൊരു പെൺകുട്ടിയെ ബലി കഴിക്കാൻ ശ്രമിക്കുന്നത്.? എത്ര കണ്ടാലും കേട്ടാലും മതിവരാത്ത ഈ മനുഷ്യർ ഇനിയെപ്പോഴാണ് പഠിക്കുക.?



ഒരു പെൺജീവിതം കൂടി പൊന്നിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നു! ആരവങ്ങൾക്കിടയിൽ കതിർമണ്ഡപത്തിൽ നിന്ന് മേളമുയർന്നു. ആർഭാടങ്ങളോടെ അവളുടെ കഴുത്തിൽ മംഗല്യസൂക്തം മുറുകുന്നു...

കുടുംബചിത്രത്തിനായി കതിർമണ്ഡപത്തിനു മുന്നിൽ വരനും വീട്ടുകാരും നിരന്നു നിൽക്കുമ്പോൾ, നോക്കൂ...

അയാളുടെ ചുണ്ടിൽ ദുഷ്ടതയുടെ ആ വരണ്ട ചിരി പടരുന്നു. ഒന്നുമറിയാതെ നെറുകയിൽ ചിതറിയ പൂവിതളുകൾ കുടഞ്ഞെറിഞ്ഞൊരു നേർച്ചക്കോഴിയുടെ ദാക്ഷണ്യത്തോടെ അവൾ..!

അവളോടുള്ള സഹതാപവും അവളുടെ വീട്ടുകാരോട് ദേഷ്യവും നിറഞ്ഞപ്പോൾ എന്റെ കണ്ണുകളിൽ ഇരുട്ടു പടർന്നു. വിവാഹവേദി വിട്ടിറങ്ങി ദൂരേക്ക് അകലുമ്പോഴും എന്റെ കാതുകളിൽ ആ മേളവും കണ്ണുകളിൽ അയാളുടെ ക്രൂരതയും മായാതങ്ങനെ നിറഞ്ഞു നിന്നിരുന്നു.

●



# അകലം

ഉണ്ണി ഭാസുരി ഗുരുവായൂർ



മെട്രോ ട്രെയിനിന്റെ ചില്ലുവാതിലിൽ പ്രതിഫലിക്കുന്ന തന്റെ രൂപത്തിലേക്ക് നോക്കി മാധവൻ ഇരുന്നു. പണ്ട് കുളപ്പടവിലിരുന്ന് വെള്ളത്തിലെ സ്വന്തം നിഴലിനോട് സംസാരിച്ചിരുന്ന ആ ബാലനല്ല താനെന്ന് അയാൾക്ക് തോന്നി. ട്രെയിനിനുള്ളിൽ തിങ്ങിനിറഞ്ഞ മനുഷ്യരുണ്ട്. എല്ലാവരും ഒരു പ്രവാഹം പോലെ ഒഴുകുകയാണ്. എന്നാൽ ആരും പരസ്പരം നോക്കുന്നില്ല. എല്ലാവരുടെയും കണ്ണുകൾ കൈവെള്ളയിലെ തിളങ്ങുന്ന സ്ക്രീനുകളിൽ തറഞ്ഞുനിൽക്കുന്നു.

?അടുത്ത സീറ്റിലിരുന്ന ഒരമ്മ തന്റെ നാലു വയസ്സുകാരൻ മകനെ അടക്കിയിരുത്താൻ പാടുപെടുകയായിരുന്നു. കുട്ടി ചുറ്റുമുള്ള കാഴ്ചകൾ കാണാൻ ആഗ്രഹിച്ചു. അവൻ ജനാലയ്ക്കൽ വിരൽ തൊട്ടു പുറത്തെ കെട്ടിടങ്ങളെ നോക്കി അത്ഭുതം കൂറി. പക്ഷേ, തന്റെ ഫോണിലെ തിരക്കിനിടയിൽ ആ അമ്മ മകന്റെ കയ്യിലേക്ക് സ്മാർട്ട് ഫോൺ വെച്ചുകൊടുത്തു. നിമിഷങ്ങൾക്കകം ആ കുട്ടി ഒരു നിശ്ചലചിത്രമായി മാറി. ഗെയിമിലെ വർണ്ണക്കാഴ്ചകൾ അവനെ കീഴ്പ്പെടുത്തിക്കഴിഞ്ഞിരുന്നു.

?മാധവൻ തന്റെ ഫോൺ പോക്കറ്റിലിട്ടു. ആ നിമിഷം അയാളുടെ ഫോൺ വിറച്ചു. ഒരു പഴയ സുഹൃത്തിന്റെ മെസ്സേജ് ആണ്. 'നീ ആ പഴയ ലൈബ്രറി ഓർക്കുന്നുണ്ടോ? അത് പൊളിച്ചു നീക്കുകയാണ്. അവിടെ ഇനി ഒരു മൊബൈൽ ടവർ വരുമത്രേ.'

?ആ സന്ദേശം മാധവന്റെ ഉള്ളിൽ ഒരു നോവായി പടർന്നു. പുസ്തക മണമുള്ള ആ പഴയ മുറിയിൽ ഇരുന്നാണ് താൻ ലോകത്തെ സ്വപ്നം കണ്ടത്. ഇന്ന് ലോകം കൈവെള്ളയിലുണ്ട്, പക്ഷേ സ്വപ്നങ്ങൾ എവിടെയോ വഴിമുട്ടി നിൽക്കുന്നു. വിവരങ്ങൾ വിരൽത്തുമ്പിൽ കുമിഞ്ഞു കൂടുമ്പോഴും വിവേകം എവിടെയോ ചോർന്നു പോകുന്നില്ലേ?

?തന്റെ തൊട്ടടുത്ത് ഇരിക്കുന്ന വ്യക്തി ഏതോ തമാശ വീഡിയോ കണ്ട് ചിരിക്കുന്നുണ്ട്. എന്നാൽ തൊട്ടപ്പുറത്ത് നിൽക്കുന്ന ആൾ കണ്ണുനീർ തുടയ്ക്കുന്നത് അയാൾ കാണുന്നില്ല. ഡിജിറ്റൽ ലോകം നമ്മെ അടുത്തു കൊണ്ടുവന്നു എന്ന് അവകാശപ്പെടുമ്പോഴും, തൊട്ടടുത്തിരിക്കുന്നവന്റെ നൊമ്പരം പോലും തിരിച്ചറിയാത്തത്ര അകലത്തിലാണ് നമ്മൾ ഇന്ന്.

?സ്റ്റേഷൻ എത്തിയപ്പോൾ മാധവൻ പുറത്തിറങ്ങി. പ്ലാറ്റ്ഫോമിൽ നിൽക്കുമ്പോൾ അയാൾ ഒരു നിമിഷം ആകാശത്തേക്ക് നോക്കി. അവിടെ പക്ഷികൾ കൂട്ടമായി പറക്കുന്നു. അവയ്ക്ക് സിഗ്നലുകളില്ല, റേഞ്ചില്ല, പക്ഷേ അവയ്ക്ക് കൃത്യമായ ലക്ഷ്യമുണ്ട്.

?മാധവൻ തന്റെ ബാഗിൽ നിന്നും ഒരു ഡയറിയും പേനയും എടുത്തു. ഫോണിലെ കീബോർഡിലല്ല, പേപ്പറിലെ കറുത്ത മഷിയിലാണ് തന്റെ ആത്മാവ് പതിയേണ്ടതെന്ന് അയാൾക്ക് തോന്നി. 'അകലം' എന്ന് തലക്കെട്ടിട്ട് അയാൾ എഴുതിത്തുടങ്ങി.

ലേഖനം

# കത്തുകൾ: മാഞ്ഞുപോകാത്ത സ്നേഹത്തിന്റെ കൈയൊപ്പുകൾ





ലാവണ്യ മുല്ലശ്ശേരി

**കാ**ലം എത്രവേഗമാണ് അതിന്റെ രൂപഭാവങ്ങൾ മാറ്റിയത്!

ഇന്ന് ലോകം മുഴുവൻ നമ്മുടെ വിരൽത്തുമ്പിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഒരു സന്ദേശം അയച്ചാൽ കണ്ണിമയ്ക്കുന്ന നേരത്തിനുള്ളിൽ മറുപടി ലഭിക്കുന്ന, ഭൂഖണ്ഡങ്ങൾ തമ്മിലുള്ള ദൂരം വെറും സ്ക്രീൻ കാഴ്ചകളായി മാറിയ അതിവേഗത്തിന്റെ കാലഘട്ടമാണിത്. എങ്കിലും, ഈ കുതിപ്പിനിടയിൽ എവിടെയോ നമുക്ക് ചില അമൂല്യമായ കാര്യങ്ങൾ നഷ്ടമായെന്നു തോന്നുന്നില്ലേ? അക്ഷരങ്ങൾ വിരിഞ്ഞ കടലാസുകൾക്കും, സ്നേഹം പൊതിഞ്ഞ ആ കത്തുകളുമായി വന്നിരുന്ന പഴയ മനുഷ്യർക്കും പകരം വയ്ക്കാൻ ഡിജിറ്റൽ യുഗത്തിലെ ഒരു സാങ്കേതികവിദ്യയ്ക്കും കഴിയില്ല.

വീട്ടുപടിക്കൽ പണ്ട് മുഴങ്ങിയിരുന്ന ഒരു സൈക്കിൾ മണിമുഴക്കം ഇന്നും പലരുടെയും ഉള്ളിൽ മനോഹരമായൊരു വിങ്ങലായി അവശേഷിക്കുന്നുണ്ടാകും. ആ കാക്കി വസ്ത്രധാരി കയ്യിലൊരു കത്തുമായി വരുന്നത് കേവലമൊരു വാർത്താവിനിമയമായിരുന്നില്ല; മറിച്ച്, ഒരു നാടിന്റെയാകെ കാത്തിരിപ്പും പ്രതീക്ഷയും വൈകാരികമായ സ്പന്ദനവുമായിരുന്നു. ഇന്നത്തെപ്പോലെ സ്ക്രീനിൽ ഒരു നോട്ടിഫിക്കേഷൻ മിന്നിമറയുന്ന വേഗത്തിലല്ല അന്ന് വിശേഷങ്ങൾ കൈമാറിയിരുന്നത്. നീല നിറത്തിലുള്ള ഇൻലൻഡുകളിലും മഞ്ഞ നിറത്തിലുള്ള പോസ്റ്റ് കാർഡുകളിലും ഒരാൾ തന്റെ മനസ്സ് പകർത്തിവെക്കുമ്പോൾ അതിന് ജീവന്റെ തുടിപ്പുണ്ടായിരുന്നു.

കത്തുകൾ എഴുതാൻ ഇരിക്കുമ്പോൾ പേനത്തുമ്പിലൂടെ ഒഴുകുന്നത് വെറും വാക്കുകളല്ല, മറിച്ച് പ്രിയപ്പെട്ടവരോടുള്ള അടങ്ങാത്ത സ്നേഹവും കരുതലുമാണ്. എഴുതാൻ തുടങ്ങുന്നതിന് മുൻപുള്ള ആലോചനകളും വാക്കുകൾ തെറ്റാതിരിക്കാനുള്ള ജാഗ്രതയും ആ എഴുത്തുകളെ കൂടുതൽ പ്രിയപ്പെട്ടതാക്കി. ഈ കത്തുകൾക്കായുള്ള ദിവസങ്ങൾ നീണ്ട കാത്തിരിപ്പും ഒടുവിൽ അത് കയ്യിൽ കിട്ടുമ്പോൾ അനുഭവപ്പെടുന്ന ആവേശവും ഇന്നത്തെ ഇൻസ്റ്റന്റ് മെസ്സേജിങ് യുഗത്തിന് തികച്ചും അന്യമാണ്.

സാങ്കേതികവിദ്യ ലോകത്തെ വിരൽത്തുമ്പിൽ എത്തിച്ചപ്പോൾ നമുക്ക് നഷ്ടമായത് ആത്മാർത്ഥമായ ആ കാത്തിരിപ്പും കത്തുകൾക്കിടയിലെ ആഴമേറിയ ആത്മബന്ധവുമാണ്. പഴയ പെട്ടിയിലോ പുസ്തകത്താളുകൾക്കിടയിലോ ഒളിപ്പിച്ചുവെച്ച പഴയ കത്തുകൾ ഇന്നും നമ്മോട് വിളിച്ചുപറയുന്നത്, സ്നേഹത്തിന് വേഗതയേക്കാൾ വേണ്ടത് ആഴമാണെന്നാണ്.

ഓരോ കത്തും ഓരോ യാത്രയായിരുന്നു; എഴുതുന്നവന്റെ മുറിയിൽ നിന്നും വായിക്കുന്നവന്റെ ഹൃദയത്തിലേക്കുള്ള ദൂരം ആ കടലാസുകൾ താണ്ടിയിരുന്നു. ഇന്നത്തെപ്പോലെ സന്ദേശം വായിച്ചു എന്നറിയാനുള്ള 'സീൻ' അടയാളങ്ങൾക്കോ ബ്ലൂ ടിക്കുകൾക്കോ വേണ്ടിയ

ല്ല അന്ന് നമ്മൾ വഴിനോക്കിയിരുന്നത്. തപാൽക്കാരന്റെ ബാഗിലെ ആ നീലക്കടലാസിനായി ദിവസങ്ങളോളം വഴിനോക്കിയിരിക്കുന്നതിലായിരുന്നു അന്നത്തെ സ്നേഹത്തിന്റെ ആഴം അളന്നിരുന്നത്.

ഒരു കത്തയച്ചാൽ അത് ലക്ഷ്യസ്ഥാനത്തെത്താനും അവർ അത് വായിച്ച് മറുപടി എഴുതി തിരികെ നമ്മുടെ കൈകളിൽ എത്താനും എടുക്കുന്ന ദിവസങ്ങൾ.... ആ കാത്തിരിപ്പിലായിരുന്നു പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും യഥാർത്ഥ മധുരം ഒളിഞ്ഞിരുന്നത്.

വെറുമൊരു വിവരകൈമാറ്റമായിരുന്നില്ല അക്കാലത്തെ കത്തുകൾ. ഓരോ കൈയക്ഷരത്തിലും എഴുതുന്ന ആളുടെ സാന്നിധ്യം നിഴലിച്ചിരുന്നു. സ്ക്രീനിൽ തെളിയുന്ന ഡിജിറ്റൽ അക്ഷരങ്ങൾക്ക് ഒരേ രൂപമാണെങ്കിൽ, ഓരോ ഇൻലൻഡിലെയും കൈയക്ഷരത്തിന് ഓരോ മുഖമായിരുന്നു.

പേന അമർത്തി എഴുതിയ അടയാളങ്ങളും വരികൾക്കിടയിലെ വിടവുകളും അറിഞ്ഞോ അറിയാതെയോ വീണ മഷിപ്പടർപ്പുകളും എഴുതുന്ന ആളുടെ അന്നത്തെ മാനസികാവസ്ഥയെ വായനക്കാരന് തൊട്ടറിയാൻ സഹായിക്കുമായിരുന്നു. പ്രിയപ്പെട്ട ഒരാളുടെ കൈയക്ഷരം കാണുമ്പോൾ തന്നെ അവരെ നേരിൽ കണ്ടാലെന്നപോലെ ഒരു സന്തോഷം മനസ്സിൽ നിറയുമായിരുന്നു. പലകുറി വായിച്ച് മടക്കുകൾ തേഞ്ഞുതുടങ്ങിയാലും ആ കത്തുകൾ നിധി പോലെ സൂക്ഷിച്ചുവെക്കുന്നതിൽ പകർന്നു നൽകാനാവാത്ത ഒരു ആത്മബന്ധമുണ്ടായിരുന്നു.

അക്കാലത്തെ തപാൽ വിശേഷങ്ങളിൽ ഏറ്റവും രസകരമായ ഒന്ന് പോസ്റ്റ് കാർഡുകളും ഇൻലൻഡുകളും തമ്മിലുള്ള വ്യത്യാസമായിരുന്നു. മഞ്ഞ നിറത്തിലുള്ള ആ പോസ്റ്റ് കാർഡുകൾ ഒരു തുറന്ന പുസ്തകം പോലെയായിരുന്നു; വീട്ടിലെ വിശേഷങ്ങൾ ആർക്കും വായിക്കാമായിരുന്നു. എന്നാൽ നീല നിറത്തിലുള്ള ഇൻലൻഡ് കവറുകൾ അങ്ങനെയല്ല; അവയ്ക്കുള്ളിൽ ഒരു സ്വകാര്യ ലോകമുണ്ടായിരുന്നു. മൂന്ന് വശവും പശ തേച്ച് ഒട്ടിച്ച്, ഉള്ളിലെ അക്ഷരങ്ങൾ ആരും കാണാതെ കാത്തുസൂക്ഷിച്ചിരുന്ന ആ നീലക്കടലാസുകൾ പലപ്പോഴും പ്രണയത്തിന്റെയും ഉറ്റ സൗഹൃദത്തിന്റെയും വിശ്വസ്തരായ ദൂതന്മാരായി മാറി.

ഇൻലൻഡിലെ ആ കുഞ്ഞു വരികൾക്കിടയിൽ ഒതുങ്ങാത്ത വിശേഷങ്ങളുണ്ടെങ്കിൽ വെളുത്ത കടലാസുകളിൽ നീട്ടി എഴുതി കവറിലാക്കി സ്റ്റാമ്പൊട്ടിച്ച് അയക്കുന്ന രീതിയായിരുന്നു പതിവ്.

കവറിന് പുറത്ത് ഒട്ടിക്കുന്ന സ്റ്റാമ്പുകൾ പോലും അക്കാലത്ത് ഒരു കൗതുകമായിരുന്നു. പല രാജ്യങ്ങളിലെ, പല നിറങ്ങളിലുള്ള സ്റ്റാമ്പുകൾ ശേഖരിക്കുന്നത് ഒരു വലിയ വിനോദമായിരുന്നു. ഇന്നത്തെ സ്മാർട്ട്ഫോൺ ഗാലറികളിലെ ആയിരക്കണക്കിന് ഫോട്ടോകളേക്കാൾ മൂല്യം വർഷങ്ങൾക്കു മുൻപ് പ്രിയപ്പെട്ടവർ അയച്ചുതന്ന, മടക്കുകൾ വീണ ആ കത്തുകൾക്കായിരുന്നു. അവ ഓരോ തവണ തുറക്കുമ്പോഴും ആ പഴയ കാലത്തിന്റെ മണം വായനക്കാരിലേക്ക് തിരികെയെത്തുമായിരുന്നു. എഴുതാൻ തുടങ്ങിയാൽ അത് പേപ്പറിന്റെ വശങ്ങളിൽ തട്ടി തിരിച്ചുവരുന്നതുവരെ ഹൃദയത്തിലെ വിശേഷങ്ങൾ ഒഴുകിക്കൊണ്ടിരിക്കും. മറുപടി കത്തുകളിൽ കണ്ടുവരുന്ന 'സുഖമെന്നു കരുതുന്നു', 'മറുപടി പ്രതീക്ഷിക്കുന്നു' തുടങ്ങിയ ആവർത്തന ശൈലികൾ പോലും വായനക്കാരന് നൽകിയിരുന്നത് വലിയ ആശ്വാസമാണ്. കത്തുകൾ കേവലം വിവരങ്ങൾ കൈമാറാനുള്ള ഉപാധിയായിരുന്നില്ല, മറിച്ച് പരസ്പരം അകലെയായിരിക്കുന്ന രണ്ട് മനുഷ്യർക്കിടയിലെ മൗനമായ സംഭാഷണമായിരുന്നു. ആ അക്ഷരങ്ങളിലൂടെ അവർ തമ്മിൽ കണ്ടു, മിണ്ടി, ഒപ്പം യാത്ര ചെയ്തു. സാങ്കേതികവിദ്യ ഈ ദൂരം കുറച്ചപ്പോൾ നമുക്ക് നഷ്ടമായത് ഇത്തരം ആഴമേറിയ സംഭാഷണങ്ങളിലെ പവിത്രതയാണ്.

കത്തുകൾ വെറുമൊരു കടലാസല്ലായിരുന്നു, അത് അയക്കുന്നവന്റെയും സ്വീകരിക്കുന്നവന്റെയും ശ്വാസം തുടിക്കുന്ന ഒരിടമായിരുന്നു. ഒരു കത്തയക്കാൻ തീരുമാനിക്കുന്ന നിമിഷം മുതൽ അത് എഴുതി പൂർത്തിയാക്കി തപാൽപ്പെട്ടിയിൽ നിക്ഷേപിക്കുന്നത് വരെയുള്ള ഓരോ ഘട്ടത്തിലും വലിയൊരു ആത്മസമർപ്പണമുണ്ട്. ഇന്നത്തെപ്പോലെ തെറ്റിയാൽ വെട്ടിമാറ്റാൻ 'ബാക്ക് സ്പേസ്' ബട്ടണുകൾ അന്നുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ, ഓരോ വാക്കും തൂക്കിനോക്കി മാത്രമേ കടലാസിലേക്ക് പകർത്തിയിരുന്നുള്ളൂ. എഴുതിക്കഴിഞ്ഞ കത്ത് ഒന്നുകൂടി വായിച്ചു നോക്കുമ്പോൾ ഉണ്ടാകുന്ന ആത്മസംതൃപ്തി, അത് മടക്കി കവറിലാക്കുമ്പോഴുള്ള പ്രതീക്ഷ, കവറിന് പുറത്ത് വിലാസം എഴുതുമ്പോഴുള്ള ജാഗ്രത ഇതൊക്കെയും ഒരു കലയായിരുന്നു.

ഡിജിറ്റൽ യുഗത്തിൽ നാം ടൈപ്പ് ചെയ്യുന്ന ഓരോ അക്ഷരവും ഒരേ അച്ചിലിട്ടതുപോലെ സുന്ദരമാണെങ്കിലും അതിൽ മനുഷ്യസ്പർശമില്ല. കത്തുകളുടെ കാലത്ത് ഒരു വ്യക്തിയുടെ കൈയക്ഷരം അയാളുടെ വ്യക്തിത്വത്തിന്റെ തന്നെ അടയാളമായിരുന്നു.

കത്തുകൾ ആശയവിനിമയ ഉപാധി എന്നതിലുപരി മികച്ച സാഹിത്യ സൃഷ്ടികൾ കൂടി

യായിരുന്നു. ജവഹർലാൽ നെഹ്റു തന്റെ മകൾ ഇന്ദിരയ്ക്ക് എഴുതിയ കത്തുകൾ ഇന്നും ലോകോത്തര സാഹിത്യമായി പരിഗണിക്കപ്പെടുന്നു. ലോകപ്രശസ്തരായ എഴുത്തുകാരുടെയെല്ലാം ജീവിതം മനസ്സിലാക്കാൻ അവരുടെ കത്തുകൾ വലിയൊരു സഹായമാണ്. കത്തുകൾ എഴുതുന്നത് ഒരു കലയായിരുന്നു; വാക്കുകൾ തിരഞ്ഞെടുക്കുന്നതിലെ കൃത്യതയും ഭംഗിയും ഒരാളുടെ സംസ്കാരത്തിന്റെ അടയാളമായി മാറി. വൈക്കം മുഹമ്മദ് ബഷീറിനെയും മാധവിക്കുട്ടിയെയും പോലുള്ള എഴുത്തുകാരുടെ കത്തുകളിൽ അവരുടെ കഥകളേക്കാൾ വലിയ വികാരങ്ങൾ നിറഞ്ഞുനിന്നിരുന്നു.

കത്തിന്റെ വലതുമൂലയിൽ പതിപ്പിച്ചിരുന്ന ആ ചെറിയ സ്റ്റാമ്പുകൾ വെറുമൊരു തപാൽ നിരക്കായിരുന്നില്ല. പല രാജ്യങ്ങളിലെ, പല നിറങ്ങളിലുള്ള സ്റ്റാമ്പുകൾ ശേഖരിക്കുന്നത് ഒരു വലിയ വിനോദമായിരുന്നു. വിവിധ നിറങ്ങളിലും ചിത്രങ്ങളിലുമുള്ള ആ സ്റ്റാമ്പുകൾ കത്തുകൾക്ക് ഒരു ഗാംഭീര്യം നൽകി. കവറിലൊട്ടിച്ച സ്റ്റാമ്പിന് മുകളിൽ പതിക്കുന്ന സീൽ, ആ കത്ത് താണ്ടിവന്ന ദൂരത്തിന്റെ സാക്ഷ്യപത്രമായിരുന്നു. കാശ്മീരിൽ നിന്നോ കന്യാകുമാരിയിൽ നിന്നോ അതുമല്ലെങ്കിൽ കടൽ കടന്നോ വരുന്ന കത്തുകളിലെ സ്റ്റാമ്പുകൾ കൗതുകത്തോടെ നോക്കിനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഓരോ സ്റ്റാമ്പും ഒരു കുഞ്ഞു ജനാലയായിരുന്നു. അതിലൂടെ നമ്മൾ കാണാത്ത ദേശങ്ങളിലെ പക്ഷികളെയും നേതാക്കളെയും പൂക്കളെയും അറിഞ്ഞു. സ്റ്റാമ്പുകൾ ശേഖരിക്കുന്നത് ഒരു വിനോദമെന്നതിലുപരി, ലോകത്തെ സ്നേഹിക്കാനുള്ള ഒരു വഴി കൂടിയായിരുന്നു പലർക്കും. കത്തുകൾ കൈപ്പറ്റുമ്പോൾ ആ കവറിലെ സ്റ്റാമ്പ് മുറിഞ്ഞുപോകാതെ സൂക്ഷിച്ചുവെക്കുന്നത് പ്രിയപ്പെട്ടവരുടെ സ്മരണകൾ സൂക്ഷിക്കുന്നതിന് തുല്യമായിരുന്നു. ആ സ്റ്റാമ്പുകൾക്കും സീലുകൾക്കും മുകളിൽ വിരലോടിക്കുമ്പോൾ ലഭിക്കുന്ന അനുഭൂതി, ഇന്ന് സ്ക്രീനിൽ മിന്നിമറയുന്ന ഇമോജികൾക്ക് നൽകാനാവില്ല. ഓരോ സ്റ്റാമ്പും ഒരു രാജ്യത്തിന്റെ സംസ്കാരത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്.



?പണ്ട് ഗ്രാമക്കവലകളിലെ ഒരു പ്രധാന ആകർഷണമായിരുന്നു ചുവന്ന നിറത്തിലുള്ള ആ തപാൽപ്പെട്ടികൾ. വെയിലേറ്റും മഴനനഞ്ഞും നിറം മങ്ങിയെങ്കിലും അവയ്ക്കുള്ളിൽ ആയിരക്കണക്കിന് മനുഷ്യരുടെ വികാരങ്ങൾ സ്പന്ദിച്ചിരുന്നു. ഇന്ന് പല കവലകളിലും ആ തപാൽപ്പെട്ടികൾ ഒരു സ്മാരകം പോലെ അവശേഷിക്കുന്നു. പ്രണയിനിയുടെ ആദ്യ കത്ത് തപാൽപ്പെട്ടിയിലേക്ക് നിക്ഷേപിക്കുമ്പോൾ അനുഭവപ്പെടുന്ന ആ വിറയലും അത് ആരും കാണാതെ പെട്ടിയിലിട്ടെന്ന് ഉറപ്പുവരുത്തുന്ന ജാഗ്രതയും ഇന്നത്തെ തലമുറയ്ക്ക് അന്യമാണ്. തപാൽപ്പെട്ടിക്ക് മുന്നിൽ നിന്ന് കത്തുകൾ ശേഖരിക്കാൻ വരുന്ന പോസ്റ്റ്മാനെ കാത്തുനിൽക്കുന്ന ആ പഴയ കാഴ്ചകൾ ഇന്ന് സ്മാർട്ട്ഫോണിലെ ലോഡിങ് ബാറുകളിലേക്ക് ഒതുങ്ങിപ്പോയിരിക്കുന്നു.

ഓരോ നാടിന്റെയും സാമൂഹിക ഘടനയിൽ തപാൽ ഓഫീസുകൾക്ക് വലിയൊരു സ്ഥാനമുണ്ടായിരുന്നു. ഗ്രാമത്തിലെ ഒരു കുഞ്ഞു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ് കേവലം ഒരു സർക്കാർ ഓഫീസായിരുന്നില്ല. മറിച്ച്, വൈകാരികമായ ഒത്തുചേരലിന്റെ ഇടം കൂടിയായിരുന്നു. കത്തുകൾ വാങ്ങാൻ വരുന്നവരും, തങ്ങളുടെ ജീവിതത്തിലെ നിർണ്ണായകമായ ഒരു മറുപടിക്കായി കാത്തിരിക്കുന്നവരും അവിടെ ഒത്തുകൂടുമായിരുന്നു. അന്ന് തപാൽ വകുപ്പ് പ്രവാസികളായ മലയാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഇടയിലുള്ള ഏക പാലമായിരുന്നു. ഗൾഫ് നാടുകളിൽ നിന്നും മാസം തോറും വരുന്ന മണി ഓർഡറുകൾ (ങീല്യ ഛൃറല്യ) കുടുംബത്തിന്റെ ജീവിതചക്രത്തെ ചലിപ്പിച്ചിരുന്ന ഇന്ധനമായിരുന്നു. തപാൽക്കാരൻ പണം എണ്ണിക്കൊടുക്കുമ്പോൾ ലഭിക്കുന്ന സന്തോഷവും ആ ഒപ്പിടൽ ചടങ്ങും ഗ്രാമീണ ജീവിതത്തിലെ പ്രധാന ആഘോഷങ്ങളിലൊന്നായിരുന്നു. പല ഗ്രാമങ്ങളിലും കത്തുകൾ എഴുതാനും വായിക്കാനും അറിയാത്തവർക്ക് വേണ്ടി പോസ്റ്റ്മാൻ തന്നെ അത് നിർവ്വഹിച്ചു കൊടുക്കുമായിരുന്നു. അങ്ങനെ വരുമ്പോൾ, ആ കാക്കി വസ്ത്രധാരി ഓരോ വീടിന്റെയും സ്വകാര്യ സുഹൃത്തായി മാറുന്നു. ഇന്നും പഴയ തലമുറയിലെ പലർക്കും തങ്ങളുടെ പോസ്റ്റ്മാന്റെ പേരും സ്വഭാവവും കൃത്യമായി ഓർമ്മയുണ്ടാകും. ഒരു സന്ദേശം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിൽ അവർ പുലർത്തിയിരുന്ന ആത്മാർത്ഥത ഇന്നത്തെ പല ആധുനിക സേവനങ്ങൾക്കും മാതൃകയാണ്.

കുന്നും മലയും കയറി, മഴയും വെയിലുമേറ്റ് ഓരോ കവലകളിലും അവർ എത്തിച്ചേർന്നിരുന്നത് സ്നേഹത്തിന്റെ കാവലാളുകളായാണ്. ടെലിഗ്രാമുകൾ (ഠലഹലഴൃമാ) വരുമ്പോൾ ഗ്രാമങ്ങൾ പ്രകടിപ്പിച്ചിരുന്ന ആകാംക്ഷയും പരിഭ്രമവും ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ചരിത്രത്തിന്റെ ഭാഗമാണ്. ചുരുങ്ങിയ വാക്കുകളിൽ വിവരങ്ങൾ കൈമാറുന്ന ടെലിഗ്രാമുകൾ വരുന്നത് പലപ്പോഴും മരണവാർത്തകളോ അല്ലെങ്കിൽ സന്തോഷകരമായ വിവാഹ വാർത്തകളോ ഒക്കെ അറിയിക്കാനായിരുന്നു. അക്ഷരങ്ങളിലൂടെയും സന്ദേശങ്ങളിലൂടെയും മലയാളി തന്റെ പ്രവാസ ജീവിതത്തെയും കുടുംബബന്ധങ്ങളെയും കരുപ്പിടിപ്പിച്ചത് ഈ തപാൽ സംവിധാനത്തിലൂടെയാണ്. ഇന്ന് ബാങ്കുകളും ഇന്റർനെറ്റും വഴി പണം അയക്കുമ്പോൾ ആ പഴയ മണി ഓർഡറുകളിലുണ്ടായിരുന്ന ആത്മബന്ധത്തിന്റെ സ്പർശം നമുക്ക് അനുഭവിക്കാൻ സാധിക്കില്ല.

ഓരോ ദേശത്തിനും ഓരോ തപാൽ കഥകൾ പറയാനുണ്ടാകും. പ്രവാസത്തിന്റെ നൊമ്പരങ്ങൾ മലയാളി ഏറ്റുവാങ്ങിയത് അധികവും കത്തുകളിലൂടെയാണ്. മണലാരണ്യത്തിലെ ചൂടിൽ നിന്നും നാട്ടിലെ തണുപ്പുള്ള മഴയെക്കുറിച്ച് വായിക്കുമ്പോൾ പ്രവാസിയുടെ കണ്ണ് നിറഞ്ഞിരുന്നത് ആ കടലാസിലെ അക്ഷരങ്ങളിലൂടെയാണ്. പെരുന്നാളിനും ഓണത്തിനും അയക്കുന്ന ആശംസകൾ കടൽ കടന്നെത്തുമ്പോൾ അത് വെറുമൊരു കാർഡായിരുന്നില്ല, ഒരു കുടുംബത്തിന്റെ മുഴുവൻ സ്നേഹമായിരുന്നു. കത്തുകൾ വായിച്ചു കൊടുക്കാൻ വേണ്ടി മാത്രം അയൽപക്കങ്ങളിൽ ഒത്തുകൂടിയിരുന്ന ഉമ്മമാരും മുത്തശ്ശിമാരും അക്കാലത്തെ സാമൂഹിക ജീവിതത്തിന്റെ ഭാഗമായിരുന്നു. അക്ഷരം അറിയാത്തവർക്ക് വേണ്ടി കത്തുകൾ വായിച്ചു കൊടുക്കുന്നതും അവർക്ക് വേണ്ടി മറുപടി എഴുതിക്കൊടുക്കുന്നതും ഒരു പുണ്യപ്രവൃത്തിയായി കണ്ടിരുന്ന ഒരു തലമുറ ഇവിടെയുണ്ടായിരുന്നു. വിദേശത്തുനിന്നും വരുന്ന കത്തുകളിലെ ആ പഴയ സുഗന്ധവും അതിനുള്ളിൽ വെച്ചിരിക്കുന്ന ചെറിയ ചിത്രങ്ങളും ഇന്നും പലരുടെയും ഓർമ്മച്ചെപ്പുകളിൽ ഭദ്രമാണ്. പണ്ടൊക്കെ ടെലിഗ്രാമുകൾ വരുമ്പോൾ ആളുകൾ ഭയപ്പെട്ടിരുന്നു, കാരണം അത് അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം വരുന്നവയായിരുന്നു. എന്നാൽ കത്തുകൾ സന്തോഷത്തിന്റെ ദൂതന്മാരായിരുന്നു. ഇന്നത്തെ ഇമെയിലുകൾ ഇൻബോക്സുകളിൽ കുന്നുകൂടുമ്പോൾ നമുക്ക് അലോസരമാണ് തോന്നുന്നത്. എന്നാൽ പണ്ട് ഓരോ കത്തുകളും സ്വീകരണമുറിയിലെ മേശപ്പുറത്തോ തലയിണയ്ക്കടിയിലോ ആണ് സ്ഥാനം പിടിച്ചിരുന്നത്.

എല്ലാ വർഷവും ഒക്ടോബർ 9 നാണ് ലോക തപാൽ ദിനമായി ആചരിക്കുന്നത്. 1874-ൽ യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ (ഡജഡ) സ്ഥാപിതമായതിന്റെ സ്മരണയ്ക്കായാണ് ഈ ദിനം ആഘോഷിക്കുന്നത്. സാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ കത്തുകൾ എഴുതുന്ന ശീലം കുറഞ്ഞുപോയെങ്കിലും, തപാൽ സംവിധാനങ്ങൾ ഇന്നും ലോകത്തിന്റെ വിവിധ കോണുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണെന്ന് ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. തപാൽ വകുപ്പിന്റെ സേവനങ്ങളെ ആദരിക്കാനും പുതിയ തലമുറയ്ക്ക് കത്തുകളുടെയും ആശയവിനിമയത്തിന്റെയും പ്രാധാന്യം പകർന്നു നൽകാനുമുള്ള ഒരു അവസരം കൂടിയാണിത്. കേവലം ഒരു ഔദ്യോഗിക ചടങ്ങിനപ്പുറം, ഓരോ തപാൽ ദിനവും അക്ഷരങ്ങളിലൂടെ നാം കെട്ടിപ്പടുത്ത ആ വലിയ സാംസ്കാരിക പൈതൃകത്തിന്റെ പുനർചിന്തനം കൂടിയാവുന്നു.

കാലത്തിന്റെ പ്രവാഹത്തിൽ പലതും മാഞ്ഞുപോകുമ്പോഴും കത്തുകൾ ബാക്കിവെച്ച ഗൃഹാതുരത്വം ഇന്നും നമ്മുടെ ഉള്ളിൽ ഒരു നൊമ്പരമായി അവശേഷിക്കുന്നു. ഇന്ന് ഇമെയിലുകൾക്കും വാട്സാപ്പ് സന്ദേശങ്ങൾക്കും വേഗതയുണ്ടാകാം; പക്ഷേ പഴയ കത്തുകൾക്കുണ്ടായിരുന്ന ആ 'ആത്മാവ്' ഇന്നത്തെ ഡിജിറ്റൽ സന്ദേശങ്ങൾക്കില്ല. വിരൽത്തുമ്പിലെ ഒരു സ്പർശനത്തിലൂടെ മായ്ച്ചുകളയാവുന്ന ഒന്നല്ല കത്തുകൾ; അവ കാലത്തെ അതിജീവിക്കുന്ന ചരിത്രരേഖകളാണ്. ഓരോ കത്തും ഓരോ കാലഘട്ടത്തിന്റെ സാക്ഷ്യപത്രമായിരുന്നു. സാങ്കേതികവിദ്യയുടെ കടന്നുകയറ്റത്തിൽ നമ്മുടെ കവലകളിലെ തപാൽപ്പെട്ടികൾക്ക് ഇന്ന് തുരുമ്പുപിടിച്ചിട്ടുണ്ടാകാം, സൈക്കിളിലെത്തുന്ന പോസ്റ്റ്മാൻ നമുക്ക് അപരിചിതമായിട്ടുണ്ടാകാം. എങ്കിലും, പഴയ പുസ്തകത്താളുകൾക്കിടയിൽ നിന്നോ തറവാട്ടുപെട്ടികൾക്കുള്ളിൽ നിന്നോ അപ്രതീക്ഷിതമായി ലഭിക്കുന്ന ഒരു പഴയ കത്തിന്റെ മണം നൽകുന്ന അനുഭൂതി ഡിജിറ്റൽ യുഗത്തിലെ ഒരു ഇമോജിക്കും പകരം നൽകാനാവില്ല. ഈ അതിവേഗ ലോകത്ത് നമുക്ക് നഷ്ടമായത് ആത്മാർത്ഥമായ കാത്തിരിപ്പിന്റെ ആ മധുരമാണ്. സ്ക്രീനിലെ വെളിച്ചത്തേക്കാൾ വലിയ പ്രഭ ഇന്നും പ്രിയപ്പെട്ടവരുടെ കൈയക്ഷരങ്ങൾക്കുണ്ടെന്ന് നാം തിരിച്ചറിയണം. മാറുന്ന ലോകത്ത് പുതിയ വഴികൾ തേടുമ്പോഴും സ്നേഹത്തിന്റെ ആ പഴയ കൈയൊപ്പുകൾ നമ്മുടെ ഹൃദയങ്ങളിൽ എന്നും മായാതെ കിടക്കട്ടെ.

# അർഥവ്യത്യാസം



ദിവ്യ ഗിരീഷ്



## ഗുരു

ചില നിറങ്ങൾ കണ്ണിൽ തടഞ്ഞു..
ചില തരങ്ങൾ മനസ്സിലുടക്കി...
നാവ് ആ നിറവും തരവും വിളിച്ചു പറഞ്ഞു...

വേർതിരിവിനോളം പരിഹാസ്യമായതൊന്നും
ഭൂമിയിൽ അവശേഷിക്കുന്നില്ലയെന്നും
തിരിച്ചറിവിനോളം വലിയൊരു അറിവില്ലെന്നും
ഗുരുവിനോളം പറയാതെ പഠിപ്പിക്കാൻ
കഴിയുന്നത് മറ്റാർക്കാണ്?

## ദൈവം

താളുകളിലും താളിയോലകളിലും മനുഷ്യനാണ്
പണ്ടേ പകർത്തി വച്ചത്...
അവിടെ രൂപമുള്ളവനും രൂപമില്ലാത്തവനും
പക്ഷേ, ജീവിതം സ്വസ്ഥമായിരുന്നു...

ഈയിടെയായി കുറച്ചധികം
അധ്യായങ്ങൾ കൂട്ടി ചേർക്കപ്പെട്ടു...
അതോടെ വിവാദങ്ങളായി, വിചാരണയായി
ഒടുവിൽ വിധിന്യായങ്ങളിലുമെത്തി...

സൃഷ്ടി എന്തു തന്നെയായാലും
സംരക്ഷിക്കേണ്ടവൻ സൃഷ്ടാവ് തന്നെയല്ലേ?


## മാതാ പിതാ

ചുമലൊപ്പം വളർന്നു പൊങ്ങിയ കൗമാരം
ചൂണ്ടിപ്പിടിച്ച വിരലഗ്രത്താണിന്നിന്റെ ഭ്രമണം...

ചുരത്തിയ വാത്സല്യത്തോളം തന്നെ
പകർത്തിയ മൂല്യങ്ങളെങ്കിലും സമയസൂചികളുടെ
കൂർത്ത മുനകളിൽ തട്ടി ഏറെയും
കാലഹരണപ്പെട്ടിരിക്കുന്നു...

എങ്കിലും ഏതൊരിരുൾതുരുത്തിൽ ഒറ്റപ്പെട്ടു
പോകിലും വെളിച്ചത്തിന്റെ ഒരിറ്റുകണവുമായ്
കൂടെയുണ്ടാകുമെന്ന് ഉറപ്പുള്ള വേറെയാരാണുള്ളത്?

# നീററൽ



മുറിവുകളിലേക്കെത്തിയ
തണുത്ത കാറ്റാണ്,
ആഘാതം ആദ്യമളന്നത്.
പടർന്നു കയറിയ നീറ്റലാണ്,
അഗാധതരേഖപ്പെടുത്തിയത്.

നീറിപ്പടർന്ന നോവിനെ
ഉതിർന്നു വീണ
മുരിക്കിൻ പൂക്കളാണ് ചുവപ്പിച്ചത്.
അടക്കാനാവാത്ത സ്നേഹം,
മരണത്തെക്കാൾ ശക്തമാണ്.
ഒരുൾപ്രേരണ.
കാറ്റിൽ കൊഴിയാറായ ഇല പോലെ
ഉണർവിനും, ഉറക്കത്തിനും ആടിയുലയുന്ന ചിന്തകളായി
തീർന്നിടുന്നു.
നിശബ്ദമായി, അദൃശ്യമായി
സംഭവിച്ച ആ നിമിഷങ്ങളിൽ
ഞാനറിഞ്ഞീടുന്നു.
വിട്ടു പോന്ന നഗരങ്ങളെ
പോലെയാണ് ,
വിട്ടു പോരുന്ന മനുഷ്യർ.
വീണ്ടും കാണുമ്പോൾ
പരിചിതമായിട്ടും,
അപരിചിതത്വം നിറയുമിടങ്ങൾ.



**ശ്രീജ വിജയൻ**

# യുദ്ധം പറഞ്ഞ കവിതകൾ

കവിത



നിബിൻ കള്ളിക്കാട്



## (1) നഷ്ടം

--------------------

ഒടുവിൽ ധീരനായി മരണം വരിക്കുവാൻ
നെഞ്ചിൽ വെടിയുണ്ടയേറ്റു വീഴുമ്പോഴും
മണ്ണിൽ പിടയുന്ന കുഞ്ഞിന്റെ കയ്യിൽ
തോക്കുകളിപ്പാട്ടം മുറുക്കെയുണ്ടപ്പോഴും..!

## (2) കാഴ്ച്ച

----------------------

മണ്ണിലലഴുകുന്ന കുഞ്ഞുങ്ങളേ നിങ്ങൾതൻ
കണ്ണുകളൊക്കെയും കടംതരാമോ,?
അധികാരാധിനിവേശങ്ങൾ മാറാത്ത
ഭരണകൂടങ്ങൾക്കു നേർകാഴ്ച്ചയേകാൻ...!

## (3) തകർച്ച

-------------------------

യന്ത്രപീരങ്കികൾ വാക്കിന്റെ തീ തിന്നു
തോക്കുകൾ ഭാഷതൻ ശബ്ദമാകുമ്പോഴും
അകലെയവസാന നിലവിളി മൗനകുമ്പോഴും
യുദ്ധക്കൊതിപൂണ്ട ശാപമാണധികാരം ...!

## (4) മറുപടി

----------------------

മണ്ണിലുയർത്തിയ ജീവസൗധങ്ങളെല്ലാം
മണ്ണുതിന്നു വിശപ്പാറ്റുന്ന കാഴ്ച്ചയിൽ
നെഞ്ചുനീറിപ്പുകഞ്ഞു തീ കത്തിച്ച
നോവുമാത്മാവിനെന്തുണ്ട് മറുപടി...!

## 5) ശേഷം

--------------------

അവരമ്മയെ കാണാതെയാകാം
പലപ്പോഴുമച്ഛനെ കാണാനുമാകാം
മരണത്തിൻ വാതിൽതുറന്നു
സ്വയം നടന്നകലുന്നു യുദ്ധനേരം ..!

## 6) അതിർത്തി

------------------------------

വേദനയ്ക്കില്ലല്ലോ അതിർത്തിയും രാജ്യവും
വേദാന്തമോതിയാലതിനു പകരവുമാകില്ല,
മനുഷ്യനെ യുദ്ധം ചാരമാക്കുമ്പോഴും
കിനാവുകൾ കണ്ണിൽ കരയുന്നുയിങ്ങനെ...!





# ലിപ്സ്റ്റിക്കിടാത്ത പെൺകുട്ടി



കെ. പി സജിത്

വൈകുന്നേരത്തിന്റെ പാളത്തിലാണ് ആ ട്രെയിൻ വന്നു നിന്നത്.
ട്രോജൻ യുദ്ധത്തിനെന്ന പോലെ,ആയിരക്കണക്കിളുകളാണ്
വണ്ടിയുടെ വയർ തുരന്ന്
പുറത്ത് ചാടിയത് ..
പ്ലാറ്റ്ഫോമിലേക്ക് പരന്നൊഴുകിയ ശേഷം
നഗരഹൃദയത്തിലേക്കുള്ള
ബസ്സുകളിലവർ നുഴഞ്ഞു കയറി, മറ്റുള്ളവർ നേരത്തേ തയ്യാറാക്കിയ
യുദ്ധതന്ത്രങ്ങളനുസരിച്ച്
ഒളിപ്പോരാളികളായ്,തന്ത്ര-
 പ്രധാനമായിടങ്ങളിലേക്ക്
 ടാക്സിയും ഓട്ടോ റിക്ഷയും
 ഹൈജാക്ക് ചെയ്തു പോയി...
ബാക്കിയുള്ളവർ റെസിഡൻഷ്യൽ കോളനികളിലേക്കിരച്ചു കയറി
യുദ്ധം ജയിച്ചു കഴിഞ്ഞ്, വിയർപ്പും രക്തവുമെന്ന പോലെ, ചുണ്ടിലെ ചായം
തുടച്ചെടുത്ത് , കണ്ണിന് ചുറ്റും വിന്യസിച്ചു വെച്ച
 ഐ എ ലാഷ് മുനകൾ നീക്കി
 യുദ്ധപാപങ്ങൾ കുളിമുറിയിൽ കഴുകിക്കളഞ്ഞ്,
കൊടുങ്കാറ്റടങ്ങിയ ചായക്കോപ്പയുമായി , സ്വീകരണമുറിയിലെ
ചാനൽ യുദ്ധത്തിനു മുന്നിൽ അടിയറവു പറഞ്ഞിരുന്നു...
 ഇതൊന്നുമറിയാതെ ,
ലിപ്സ്റ്റിക്ക് ഒട്ടുമിടാത്തൊരു പെൺകുട്ടി, റെയിൽവേ
സ്റ്റേഷനടുത്തെ കടലവിൽപ്പന കഴിഞ്ഞ്, ജുമാ മസ്ജിദും
വട്ടപ്പള്ളിയും താണ്ടി ഹനുമാൻ കോവിലിനു
മുന്നിലൂടെ തേഞ്ഞുപോയ ചെരുപ്പുമിട്ട്
 നടന്നു പോയിരുന്നു...
ലോകത്തിന്റെ ട്രോജൻ മനസ്സൊന്നുമറിയാത്ത ,
ആരുടെയും യുദ്ധതന്ത്രങ്ങളറിയാത്ത,
 അന്യം നിന്നുപോവാനായ ഒരു വംശത്തിന്റെ പ്രതിനിധിയെപ്പോലെ
ലിപ്സ്റ്റിക്കിടാത്ത ആ പെൺകുട്ടി ഒറ്റയ്ക്ക്
എങ്ങോട്ടാണ് നടന്നു പോയത്?

# സങ്കേതങ്ങൾ

കവിത

**പ്രേംകൃഷ്ണൻ**

നാമിന്ന് സന്ധ്യക്ക് കണ്ടൊരാ
സസ്യത്തിൽ സാഹിത്യമുണ്ടായിരുന്നു
സന്ധ്യയുടെ സങ്കേതമായിരുന്നധികവും
സസ്യത്തിനേൽക്കുന്ന ശ്രദ്ധ

അവളിന്ന് കണ്ട കടലിന്റെയുച്ചയിൽ
ഏകാന്തമുണ്ടായിരുന്നു
പൊള്ളുന്ന പകലിന്റെ ആർപ്പെന്ന്
തോന്നുന്ന സങ്കേതമാകുന്ന തിരകൾ

വാക്കെന്റെ നെറുകയിൽ കൊത്തുന്നു
മൃത്യുവായ് എന്ന പോൽ  ചിലരൊക്കെയെഴുതി
ജീവന്റെ കെടുതികൾ കവിതയുടെയസ്ഥികൾ
സങ്കേതകലകാളകൂടം

പൂവിന്റെ നിഴലൊരു പാവയാണെന്ന പോൽ
കൗതുകം പൂണ്ടിട്ട്
മൃദുമുട്ടിലിഴയുന്നു കുട്ടി
പൂവിനെയാട്ടുന്ന കാറ്റിന്നുമറിയില്ല
കുട്ടിയ്ക്കുമറിയില്ല
നാളെയുടെ മറവി സങ്കേതം

വഞ്ചിയിൽ ബോട്ടിലും പിടയുന്ന മീനുകൾ
കടലിനെ കുടയുന്നു
പുഴകളെ പകുക്കുന്നു
കായലിൻ ഭംഗിയെ
കക്കയിൽ നുള്ളുന്നു

ഉപമകൾ കരയിലും ജലത്തിലും പരക്കുന്നു
ഇന്മട്ടിലൊന്നും കേൾവിയില്ലാത്ത
സങ്കേതമൊന്നത്
മൽസ്യത്തിൻ ബന്ധനം ബന്ധം

യുദ്ധാശങ്കകളെഴുതിയ ഹൃദയം
ആരുടെ കരളിൽ അഭയം കണ്ടു!
ഒരൊറ്റ വരിയിലെ ഐക്യത്തിൻമേൽ
യുഗാന്തരത്തിൻ നിഴലുകളെഴുതിയ
നിരായുധമിഴി സങ്കേതങ്ങൾ

കവിത

# വിഷുസ്മൃതി



അശ്വതി വി വി

വേനലെരിഞ്ഞൊരാ തൊടിയിലെങ്ങോ
ഏകാന്തമൊരു കുയിൽ പാട്ടൊഴുകി,
സ്വർണ്ണാഭ ചാർത്തിയ കൊന്നപ്പൂക്കൾ
മന്ദസ്മിതം തൂകി നിന്നിരുന്നു.

അമ്മതൻ വിരൽത്തുമ്പിൽ പിടിച്ച് ഞാനും-
മിഴികൾ ഇറുക്കിയടച്ചു മെല്ലെ
കണിപ്പൊന്നിൻ മുന്നിൽ കൺമിഴിക്കാൻ.
പിച്ചവെച്ചു സ്വർണ്ണവർണ്ണത്തിലേയ്ക്ക്.

മഞ്ഞപ്പട്ടിൽ കുഴലൂതി മണിവർണ്ണനും
ഓട്ടുരുളിയിൽ മിന്നും വാൽക്കണ്ണാടി,
മുത്തശ്ശി തരുന്നോരു കൈനീട്ടപ്പൊൻപണം
ലോകം ജയിച്ചുള്ള ആഹ്ളാദവും.

നഗരത്തിൻ ചില്ലുവാതിൽപ്പുറത്ത് -
വേനൽ ചുടുകാറ്റായ് വീശിടുമ്പോൾ,
പുനർജനിക്കുന്നെന്നിൽ, സ്മൃതികളായി-
പണ്ടത്തെ പൊൻകണി വിഷുക്കാലവും



# വിഷുക്കിരണം



കവിത

ഓരോ വിഷുക്കാലവും
മനസ്സിൽ പൂക്കും
ഓർമ്മതൻ ഇത്തിരി
കണിക്കൊന്നപ്പൂക്കളും
കറപുരളാത്തൊരാ
മാമ്പൂവിൻ മണവും
കണിവെള്ളരിപോൽ
തുടിക്കും പുലർവെട്ടവും.

വീണ്ടും വരുന്നു
ഒരു പുതു വിഷുപ്പുലരിയും
പാട്ടു മറക്കാത്തൊരു
വിഷുപ്പക്ഷിതൻ മൂളലും
കണികാണാൻ കൊതിക്കും
ഹൃദയത്തുടിപ്പിൻ നാദവും
വിഷുക്കോടിയിൽ മുങ്ങും
മഞ്ഞിൻ മന്ത്രശ്ശീലുകളും.

ഈ വിഷുവും കാലത്തിൻ
ഒഴുക്കിൽ മാഞ്ഞിടും
വിഷുപ്പക്ഷിതൻ ചിറകൊച്ച
മെല്ലെയകന്നു പോയിടും
കണികണ്ടതൊക്കെയും
മാറാലമൂടി മനസ്സിലടിയും
എന്നാലുമൊരു സ്നേഹകിരണം
കെടാതെയുള്ളിൽ ജ്വലിച്ചീടും.



എ. കെ. അനിൽകുമാർ



കവിത

# ജാലകക്കാഴ്ചകൾ



ജയപാലൻ കാര്യാട്ട്

**തി**രികെയെത്താൻ കൊതിക്കും മനസ്സിലേ-
ക്കൊഴുകിയെത്തിടും ജാലകക്കാഴ്ചകൾ.
മറവിയിൽമുങ്ങി മരണമായ് പൊങ്ങി
തനതു ചിന്താശകലപ്പടർപ്പുകൾ.
നിണമെഴും നവധർമ്മ പ്രവാചകർ
ഫണമുയർത്തിക്കൊലചെയ്യും കുലങ്ങൾ
വഴിമുടക്കാനുറച്ചു വന്നെത്തുവോർ
പഴി പറഞ്ഞിരുൾ വീഴ്ത്തുന്ന വീഥികൾ.
തടവി നീരുന്തി വീർത്ത പാദങ്ങളെ
അടവിയേറാൻ ചലിപ്പിച്ചനുക്ഷണം
വരികയായയളമുട്ടിയ ജീവിത-
പ്പെരുവഴി താണ്ടി വിപ്ലവജ്വാലകൾ.
തിരികൊളുത്തി പുലർകാല വേളയിൽ
അരികളാരെന്നുരചെയ്തു കാലവും
എതിരിടാനകത്തുയരും പന്തമായ്
കതിരവൻ കത്തിനിൽക്കും മനസ്സുകൾ.
കളകളാരവമൊഴുകുമരുവികൾ
കിലുകിലാരവക്കുരവക്കുരുവികൾ.
തളിരിടാൻ പൂത്തു വസന്തമാകുവാൻ
തെളിമയോടകത്തെളിമ കൈവന്നോർ
കുളിരുകോരിപ്പുതപ്പിച്ചു കാലത്തിൻ
വിളിയുമായുണർന്നെത്തും പുലരികൾ!

കവിത

# സ്വരനിലാവ്





ഷാജി തലോറ

ശ്രുതിലയപ്പൂക്കൾ വിരിയുന്ന
വീഥിയിൽ
സംഗീതമേഘമായ് പെയ്തു നീ,
അനുരാഗമന്ത്രങ്ങൾ
തത്തിക്കളിക്കുന്ന
ചുണ്ടിലെ മാന്ത്രിക ചൈതന്യമേ.
ഭാവങ്ങൾ തൻ
പട്ടുനൂലുകൾ കോർത്തു നീ
താളത്തിൻ നൃത്ത-
ശാലകൾ തീർത്തു,
വിരഹത്തിൻ നോവിലും
പ്രണയത്തിൻ ലഹരിയിലും
നിൻ നാദം പെയ്യുന്ന തോരാമഴ.
ഒഴുകുന്ന പുഴപോലെ
നിർമ്മലമീ നാദം
മണ്ണിന്റെ മണമുള്ള
ഗീതകം പോൽ,
കാലങ്ങൾ മാഞ്ഞാലും
മായാത്തൊരൂർജ്ജമായ്
ഈ ഭൂമി തൻ
ഹൃദയത്തിൽ വാഴുന്നു നീ.
കണ്ണുകളിൽ കത്തുന്ന
കുസൃതിതൻ മിന്നൽ
ചുണ്ടുകളിൽ തത്തി-
ക്കളിക്കും വരികൾ,
സംഗീത സാമ്രാജ്യപ്പ-
ടവുകൾ കയറുന്ന
നിത്യവസന്തത്തിൻ പേരാണ് നീ.

*(സമർപ്പണം ഗായിക ആഷാബോസ്ലെക്ക്.)*



**കവിത**

# ഒരു വരമാത്രം മതി



**അജയഘോഷ് എം ബി**



രണ്ട് വരകൾ സമാന്തരമായി നീട്ടി വരച്ചാൽ
വലിയ പാതയായി.

കുറിയ കുറെ
വരകൾ തലങ്ങും വിലങ്ങും
വരച്ചാൽ അംബരചുംബികളായ
കെട്ടിടങ്ങളായി.

ഒരു വരമതി
വലിയ വിള്ളലായി തോന്നാൻ.

ചിത്രകാരാ
നിന്റെ
വിരൽതുമ്പിന്റെ ശക്തിയാൽ
തലവര മാറുന്നത് എത്ര പെട്ടെന്നാണ്.

ഭാവനാപൂർണമാണ് നിന്റെ വരകളെന്ന്
തിരിച്ചറിയുന്നതിനു തൊട്ടു മുമ്പ്
നീ വരച്ച കണറ്റിലേക്ക് എടുത്തു ചാടി
എത്ര പേർ ആത്മഹത്യ
ചെയ്തു
കളയും?



കവിത

# ഗരുഡൻ

വെളിച്ചമുള്ള നിലാവത്ത്
ചിറകു വെച്ച് പറക്കുന്ന
ഗരുഡനാണ് ഞാനിന്നു
പണ്ടാക്കാലത്ത്
മന്ദബുദ്ധിയെ പോലെ
അനാവരണം ചെയ്ത
അതേ ചമയമല്ല എനിക്കിന്ന്

ഒത്തിരി മുറിവുകൾ തന്ന
കാലത്തെ സ്മരിച്ചു
കണ്ടെത്തുകയാണ്
ഇനി വരുന്ന കാലങ്ങൾ
എന്റെ ജീവിതത്തെ
ചുട്ടുകരിച്ച് നിഴലുകളെ .;
ഒരുനാൾ എന്റെ മുന്നിൽ
സുഖമുഖംപ്രത്യക്ഷപ്പെടും

അന്നെനിക്ക് പതിച്ച മുറിവുകൾ
ഓരോന്നുംഎണ്ണിവെച്ചു
പ്രതികാരത്തിന്റെതോക്കിൻ
കുഴലിന്റെ കാഞ്ചി വലിക്കും
അന്ന് ഞാൻ ചെറുതായപ്പോൾ
നിങ്ങൾ വലുതായി
ഇന്ന് ഞാൻ വലുതായപ്പോൾ
നിങ്ങൾ ഇന്ന് ചെറുതായി

സമയമാരെയും കാത്തു
നിൽക്കാതെ അതിൻറെ
പ്രവർത്തനങ്ങൾ മുറപോലെ നടത്തും
എനിക്ക് ജന്മം തന്നവരെ ഒരു
മനസ്സാക്ഷി കുത്തും ഇല്ലാതെ
കൊന്നുതള്ളിയ നിലവിളികൾ
കണ്ടും കേട്ടും ഭയാനകമായി വിറച്ചിട്ടുണ്ട്

സ്വത്തിനും പണത്തിനും
ആർത്തിതീരാത്ത
നാണംകെട്ട കഴുതകളെ
ഇന്നും നിങ്ങളുടെ
കാതകൻ ഞാനാണ് നിങ്ങളുടെ
കൂടപ്പിറപ്പിന്റെ മകൻഗരുഡൻ



കുഞ്ഞച്ചൻ മത്തായി

# ട്വിൻ ഫ്ലെയിം

കവിത

ജന്മജന്മാന്തരങ്ങളുടെ കണക്കെടുപ്പുമായി
ഒരു തീനാളം
രണ്ടായ് പിളർന്ന് ഭൂമിയിലവതരിക്കുന്നു.
കർമ്മങ്ങളുടെ വേലിക്കെട്ടുകളിൽ
സ്വയം ബന്ധിതമാക്കി
ഒറ്റപ്പെടലിന്റെ തീഷ്ണതിയിൽ ഒന്നിലും ചുറ്റി പിണയാതെ
ജരാനരകൾ താണ്ടിയ തപസ്സിനൊടുവിൽ
തന്റെ നിഴലിനെ കണ്ണാടിയിലെന്ന പോൽ
കണ്ടുമുട്ടുമ്പോൾ
ലോകം കീഴ്മേൽ മറിയുന്നേയില്ല.
കെട്ടും കത്തിയും പരസ്പരം ഊർജ്ജമുണർത്തി
ഉന്മാദത്തിലാറാടി ഒടുവിൽ പിടഞ്ഞകന്ന്
ജീവന്റെ മറുപാതി ഉരുകി തീരുന്നതറിയാതെ കാറ്റത്തണയ്ക്കാതെ
എന്തിനോ വേണ്ടി തേങ്ങി
സ്വയം തന്നിലേക്ക് തന്നെ ഉറ്റുനോക്കി
പേറ്റ് നോവറിഞ്ഞവളെ പോലെ സ്വയം അമ്മ ചമഞ്ഞ്
അവനവനെത്തന്നെ ഉയർത്തുന്ന വിട്ടുകൊടുക്കാൻ പറ്റാത്ത വിസ്മയം
ആത്മാവും പ്രകൃതിയും തമ്മിൽ തമ്മിൽ
കണ്ണുപൊത്തിക്കളിക്കുന്നു.
വിശാലമായ അടയാളങ്ങളാൽ മോഹിപ്പിക്കുന്നു
മനസിലെപ്പോഴും, മൈഥുന്യം
ഇണചേരലെന്ന കൊതിപ്പിക്കും ചിന്തകൾക്കുമപ്പുറം
ജീവിതം അവനവനുള്ളതാണെന്ന വലിയ പാഠമെന്ന് പറയാതെ
പഠിപ്പിക്കുന്നു,
മരണത്തിനു മപ്പുറം ചിലതെന്തോ കാത്തിരിക്കുന്നു.



സരസ്വതി ബിജു




# വിഷാദങ്ങളുടെ പൂന്തോപ്പ്

കവിത



ജയിസൺകെ



എന്തിനെന്നറിയില്ല
നാളെ എന്തെന്നറിവീല
എന്റെ വിഷാദങ്ങളുടെപൂന്തോപ്പിൽ
അസ്വസ്ഥതകളെ ഭോഗിച്ചു മടുത്ത്
വസന്തമായി ഞാൻ
എവിടെയും പൂത്തുലഞ്ഞു കിടക്കുന്നു
തീക്കാറ്റുകൾ ചിറകുതുന്നുമ്പോഴും
നിശബ്ദത താളം പിഴച്ച്
കരിഞ്ഞ ഗന്ധമുതിർക്കുമ്പോഴും


ഓർമ്മചിത്രങ്ങൾ തന്ന
കൊടുംശൈത്യത്തിൽ നിന്ന്
കരിയിലകൾ നേർത്ത മൂടുപടം മാറ്റി
ഹൃദയ ഭിത്തികളിൽ
ഉന്മാദങ്ങളുടെ തുണിയുരിയ്ക്കുന്നു
ഞാനിപ്പോൾ തടവുകാരൻ.
പൂട്ടിയിടപ്പെട്ട ചങ്ങലക്കൊളുത്തുകൾ
ദ്രവിച്ച് ശൂന്യതയുടെ അനേകം
ബിംബ സമൃദ്ധികളിൽ
എന്റെ തിരച്ചിലുകൾ
അജ്ഞാതമാംമരുഭൂവ് കണ്ടെത്തുന്നു

പേപിടിച്ച തെരുവിന്റെ
കത്തുന്ന മിഴികൾ വഴിതെറ്റിക്കുന്ന എന്നിൽ
ഉടലുകൾ വറ്റി കടന്നൽകൂട്ടങ്ങളുടെ
മുരൾച്ചകൾ
സമൂഹത്തിന്റെ ഉഛിഷ്ടം പറ്റി
അഴുകാത്ത ഫോസിലുകളിൽ
തീപ്പന്തങ്ങൾ എറിയുന്നു

നിബിഢമാം വനാന്തരങ്ങൾ കത്തിച്ച
അനേകം ബ്രഹ്മാസ്ത്രങ്ങൾ
നിഗൂഢമായി ഒരു
സൂര്യനെ തലയിലേറ്റുന്നു
വിഷാദങ്ങളുടെ
മാറിടം തുരന്നൊഴുകിയ
കറുത്ത രക്തത്തിൽ
പരിവർത്തനത്തിന്റെ കടൽപ്പക്ഷി
ചിറകരിക്കപ്പെടുന്നു.
തൃഷ്ണയുടെ പകൽകിനാവുകൾ
ചിലന്തിവലയിലൊടുങ്ങുന്നു

# നിശാഗന്ധി

കവിത



ഉണ്ണിക്കൃഷ്ണൻ മുതുകുളം

എത്രനാളെത്രനാൾ
മൗനം പുതച്ചൊരി
നീലയവനിക
നിന്നുടൽ മൂടുന്നു...

എന്നും തളിർക്കുന്ന
കൊച്ചിളം തണ്ടുമായ്
എത്ര പകലുകൾ
വാടിത്തളരുന്നു...

സുന്ദരസ്വപ്നങ്ങൾ
മൗനത്തിലാഴ്ത്തിയും
ഭീകരദൃശ്യങ്ങൾ
കണ്ണുകൾ മൂടിയും

ഏതു നിശാചര
ഗേഹത്തിൻ ചാരത്തു
രാക്കിളിയായി നീ
പാടിത്തളരുന്നു...

ഏതു ദിനാന്തത്തിൻ
ശാദ്വലഭൂമിയിൽ
സൗരഭ്യ പുഷ്പമായ്
പൂത്തുവിടർന്നിടും...

ഏതൊരു സ്വർഗ്ഗീയ
നർത്തന മേടയിൽ
കൗതുക കാഴ്ചകൾ
കണ്ടുനടന്നിടും...

പാതിരാക്കാറ്റിൻ
സുഗന്ധവും പേറി നീ
ഏതു നിലാവിൽ
നിഴലായലഞ്ഞിടും

ഏതു പ്രണയിനി
കാമുകഹൃത്തിന്റെ
സമ്മാനമായ് നിന്നെ
കാഴ്ച വച്ചീടുന്നു

സംവത്സരത്തിലൊരിക്കൽ മാത്രം പൂ
വിട്ടുകൂമ്പിയടയുന്ന നിൻ
മാദകസൗരഭ്യമേറ്റു രാത്രി
വെള്ളി നിലാവിൽ കുളിച്ചുനിൽക്കും.




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച










Milan Nath E.R, 3 Std.
Amrita vidhyalayam




**ദ്വിവിക് വർമ്മ**
**സി.കെ**
2 A
ANMMUPS
തളി



ആരാധ്യ വർമ്മ സി.കെ
6 A ANMMUPS തളി





മിത്ര നാഥ് ER
8 ക്ലാസ്സ്
അമൃത വിദ്യാലയം
അയ്യന്തോൾ



**ഫൈഹ ആഷിർ**
MET Public school
Nadapuram




**ഫെല്ല ആഷിർ**
MET Public school
Nadapuram



**ഐലിൻ റുഹ്യ**
1E
എം ഇ ടി സ്കൂൾ
നാദാപുരം









ഗായത്രി കെ.എം
5thstd
BSS ഗുരുകുലം സ്കൂൾ ആലത്തൂർ

## പോലീസിനെ പിടിച്ച പോലീസ്

ഒരു ദിവസം കുട്ടു കരടിയും മിട്ടു മുയലും ബൈക്കിൽ പോവുകയായിരുന്നു. അപ്പോൾ ചിണ്ടൻ കുറുക്കൻ പോലീസ് വേഷത്തിൽ വന്ന് കൈ കാണിച്ചു. നിർത്ത് ഈ വണ്ടി കസ്റ്റഡിയിലെടുക്കാൻ പറഞ്ഞ വിട്ടതാ മാറ്.. അവരെ മാറ്റി ചിണ്ടൻ ബൈക്കെടുത്ത് സ്ഥലം വിടാൻ തുടങ്ങി. കിട്ടു കരടി വേഗം തന്നെ കുട്ടൻ പോലീസിനെ വിളിച്ചു. ഉടൻ തന്നെ കുട്ടൻ കുരങ്ങൻ പോലീസ് ജീപ്പിൽ വന്നു സ്ഥലം വിടാൻ തുടങ്ങിയ ചിണ്ടനെ പിടികൂടി ജയിലിലടച്ചു. ദാ ബൈക്ക് പിന്നെ ഹെൽമറ്റില്ലാതെ വണ്ടിയോടിക്കാൻ പാടില്ല ഇനി ഇതാവർത്തിക്കരുതെന്നും പറഞ്ഞു. ഇല്ല ഞങ്ങൾ ഹെൽമറ്റില്ലാതെ വണ്ടി എടുക്കില്ല. അവർ പറഞ്ഞു.

**ദ്വിവിക് വർമ്മ സി.കെ**
2 A
ANMMUPS തളി